(യു.ഡി.എഫ് അംഗങ്ങൾ അവരവരുടെ സീറ്റിൽനിന്നും മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *241

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ചില പരാമർശങ്ങൾ പിൻവലിക്കണമെന്ന് ഞാനും യു.ഡി.എഫ്-ന്റെ മറ്റ് കക്ഷിനേതാന്മാരും അങ്ങയെ കണ്ട് ആവശ്യപ്പെടുകയുണ്ടായി. അതുസംബന്ധിച്ച് ഒരു തീരുമാനമുണ്ടാകണമെന്ന് ഞാൻ വളരെ വിനയപൂർച്ചം അങ്ങയോട് അഭ്യത്ഥിക്കുകയാണ്. ഞങ്ങൾക്കെതിരെ മുഖ്യമന്ത്രിയെപ്പോലെയുള്ള ഒരു സഭാനേതാവ് ഒരിക്കലും അങ്ങനെയൊരു പരാമർശം നടത്താൻ പാടില്ലായിരുന്നു. അതുസംബന്ധിച്ച് ഒരു തീരുമാനം പറയണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശിവസേനയേയും സംഘ്പരിവാറിനേയും കുറിച്ച് പറയുമ്പോൾ ഒരു തരത്തിലുള്ള പ്രത്യേക മാനസികാവസ്ഥയാണ് ഇവിടെ പ്രകടമാകുന്നത്. എന്താണ് അതിന് കാരണമെന്ന് അറിയില്ല. ഈ നിലപാടാണ് തിരുത്തേണ്ടത്. .....(ബഹളം).....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത്തരം പദപ്രയോഗങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചേർന്നതല്ലായെന്ന് അദ്ദേഹം മനസ്സിലാക്കണം. ഇന്നലെ ഞങ്ങൾ ഉന്നയിച്ച വിഷയത്തിൽ, ശിവസേനയെ ഞങ്ങൾ വാടകയ്ക്ക് എടുത്തതാണെന്ന് പറഞ്ഞത് അദ്ദേഹത്തിന് ചേർന്ന നടപടിയാണോയെന്ന് അദ്ദേഹം തന്നെ ആലോചിക്കട്ടെ. ബി.ജെ.പി.യോടും ശിവസേനയോടും പോരാടുന്നതിന് മുഖ്യമന്ത്രിയുടെ സർട്ടിഫിക്കറ്റ് ഞങ്ങൾക്ക് ആവശ്യമില്ലായെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: അത് കേരളത്തിലെ പൊതുസമൂഹം തിരിച്ചറിയുന്നുണ്ട്. എത്രമാത്രമാണ് ആർ.എസ്.എസ്-നോടും സംഘ്പരിവാറിനോടും സമരസപ്പെട്ട് പോകുന്നതെന്ന് പൊതുവായി കാണുന്നുണ്ട്. അതിന്റെ പ്രകടനമാണ് ഇവിടെ കണ്ടത്. ആ പ്രകടങ്ങൾക്കുനേരയാണ് എന്റെ വാചകങ്ങളുണ്ടായത്.

ശ്രീ. രമേശ് ചെന്നിത്തല: ഏതായാലും ബി.ജെ.പി.ക്കും ആർ.എസ്.എസ്സിനും എതിരെ പോരാടാൻ പിണറായി വിജയന്റെ സർട്ടിഫിക്കറ്റ് ഞങ്ങൾക്ക് വേണ്ട. ഈ രാജ്യത്തെ മതേതരത്വം ഉയർത്തിപ്പിടിക്കാൻ കഴിയുന്ന രാഷ്ട്രീയപ്രസ്ഥാനം തന്നെയാണ് യു.ഡി.എഫ്. അക്കാര്യത്തിൽ അങ്ങേയ്ക്ക് ഒരു സംശയവും വേണ്ട.

ഞങ്ങൾക്ക് അവിടെനിന്നും പാഠം ഉൾക്കൊള്ളേണ്ട കാര്യമില്ല. .....(ബഹളം).....

മി. സ്പീക്കർ: ദയവായി ചോദ്യോത്തരവേള ഡിബേറ്റാക്കരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എഴുന്നേറ്റപ്പോൾ അങ്ങേയ്ക്ക് സമയം അനുവദിച്ചുവെന്നേയുള്ളൂ. ....പ്ലീസ്.. .....പ്ലീസ്..... ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി....(ബഹളം)......ഇന്നലെ റൂൾ 307 പ്രകാരം ശ്രീ. വി. ഡി. സതീശൻ പ്രസ്തുത വിഷയം ഉന്നയിക്കുകയുണ്ടായി. അത് പരിശോധിച്ച് ചെയർ നടപടിക്രമമനുസരിച്ച് റൂൾ ചെയ്യുന്നതാണ് എന്ന് പറയുകയും ചെയ്തു ..... (ബഹളം).......

## രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

1. *241. ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീമതി അയിഷാ പോറ്റി:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പ്രകാരം സംസ്ഥാനത്ത് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പ്രസ്തുത പദ്ധതിപ്രകാരം പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്താനായി കേന്ദ്ര സർക്കാരിൽ നിന്ന്

ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അക്കാദമിക് നിലവാരം ഉയർത്തുന്നതിനുമായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഗുണമേന്മയുള്ള സെക്കന്ററി വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ). ആർ.എം.എസ്.എ. പ്രകാരം ചുവടെ ചേർക്കുന്ന പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്

1. സെക്കന്ററി വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുന്നതിനായി 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ ഹൈസ്കൂളുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുക.
2. എല്ലാ സർക്കാർ സ്കൂളുകൾക്കും 50,000 രൂപ വീതം ഗ്രാന്റായി നൽകുക.
3. ഭിന്നശേഷിയുള്ള കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനായി സ്പെഷ്യൽ ടീച്ചേഴ്സിനേയും ആയമാരേയും നിയമിക്കുക.

4. സെക്കന്ററി തലത്തിലുള്ള അദ്ധ്യാപകർക്കും സ്പെഷ്യൽ ടീച്ചേഴ്സിനും 10 ദിവസത്തെ ഇൻ-സർവ്വീസ് കോഴ്സ് നൽകുക.

5. സയൻസ്, കണക്ക് എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് പ്രത്യേകം പരിശീലനം നൽകുക.

.....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചു. അതിന് ചെയർ വിശദീകരണം കൊടുത്തു. .....(ബഹളം).....പ്ലീസ്.......ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞ് പൂർത്തീകരിക്കട്ടെ.......(ബഹളം)..... ....പ്ലീസ്.. പ്രതിപക്ഷനേതാവിന് ഏതുസമയത്തും മൈക്ക് കൊടുക്കും ദയവായി നിങ്ങൾ ബഹളമുണ്ടാക്കരുത്.....പ്ലീസ്.. സീറ്റുകളിലേയ്ക്ക് പോകൂ.

പ്രൊഫ. സി. രവീന്ദ്രനാഥ് :

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം 2017-18 അദ്ധ്യായന വർഷത്തിൽ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്ന് താഴെ പറയുന്ന പദ്ധതികളാണ് ആവശ്യപ്പെട്ടിരുന്നത്.

1. ആർ.എം.എസ്.എ.യുടെ പ്രവർത്തനം വ്യാപിപ്പിക്കുക.

2. ആർ.എം.എസ്.എ ഫണ്ട് സർക്കാർ/എയ്ഡ്സ് മേഖലയിലെ

വിദ്യാലയങ്ങളിലും അനുവദിക്കുക.

3. വിദ്യാർത്ഥികൾക്ക് ശാസ്ത്രതത്വങ്ങൾ ആഴത്തിൽ പഠിക്കുവാനുള്ള അവസരമുണ്ടാക്കുക.
4. സെക്കന്ററി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്യുക.
5. തീരദേശ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കായി പുതിയ പദ്ധതി
6. സ്കൂൾ കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിക്കുന്നതിന് പദ്ധതി സമർപ്പിച്ചു.
7. എല്ലാ ഹയർ സെക്കന്ററി സ്കൂളുകൾക്കും 50,000 രൂപ വീതം സ്കൂൾ ഗ്രാന്റ് നൽകുക.
8. ഭിന്നശേഷിയുള്ള കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനായി സ്പെഷ്യൽ ടീച്ചേഴ്സിനെയും ആയമാരെയും നിയമിക്കുക.
9. സെക്കന്ററിതലത്തിലുള്ള അദ്ധ്യാപകർ, സ്പെഷ്യൽ ടീച്ചേഴ്സ്, ഡി.ഇ.ഒ., ഹെഡ്മാസ്റ്റർ, എസ്.എം.ഡി.സി. അംഗങ്ങൾ എന്നിവർക്ക് പരിശീലനം നൽകുക.
10. ഡിജിറ്റൽ ടെക്സ്റ്റ് ബുക്കും അദ്ധ്യാപകർക്കായി ഓൺലൈൻ

പരിശീലനവും നൽകുക

11. കുട്ടികൾക്കായി ടാലന്റ് സെർച്ച് മത്സരം സംഘടിപ്പിക്കുക.

12. വിദ്യാർത്ഥികൾക്കായി തൊഴിൽ സംരംഭകത്വ പരിശീലനം നൽകുക, കലാ ഉത്സവ് സംഘടിപ്പിക്കുക, ആയോധന കലകളിൽ പരിശീലനം നൽകുക.

13. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുക, തുടങ്ങിയ 13 ഇനങ്ങൾ.

(സി) ചോദ്യം (എ)യുടെ മറുപടിയിൽ പറയുന്ന പദ്ധതികൾക്ക് പുറമെ, 2017-18 വർഷത്തിൽ 4 സ്കൂളുകളിൽ Ideal Lab പദ്ധതിയും, വിദ്യാർത്ഥികളുടെ തൊഴിൽ സംരംഭകത്വ പദ്ധതിക്കായി 82 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(യു.ഡി.എഫ് അംഗങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സീറ്റിനടുത്തുവന്നുനിന്ന് ബഹളംവച്ചുകൊണ്ട് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

മി. സ്പീക്കർ: ദയവായി നിങ്ങൾ സീറ്റുകളിലേയ്ക്ക് പോകൂ. എന്താണ് പ്രതിപക്ഷനേതാവിന് പറയാനുള്ളത്? പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ പോയി ഇരുന്നാലേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അവസരം നൽകൂ. നിങ്ങൾ

സീറ്റിൽ പോയിരിക്കൂ. പ്രതിക്ഷനേതാവ് സംസാരിക്കട്ടെ, രണ്ടുംകൂടെ നടക്കില്ല. നിങ്ങൾ സീറ്റിൽ പോയിരുന്നാൽ അദ്ദേഹത്തിന് സംസാരിക്കാം. ശ്രീ. ടി.വി. രാജേഷ് ...അങ്ങ് സീറ്റിൽ ഇരിക്കൂ .....(ബഹളം)......പ്ലീസ്.

(യു.ഡി.എഫ് അംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് പോയി)

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ, ഞങ്ങൾ വാടകയ്ക്ക് എടുത്തുകൊണ്ടുവന്നവരാണ് ഇന്നലെ മറൈൻ ഡ്രൈവിൽ ഈ സമരം നടത്തിയതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സഭയിൽ പരാമർശിച്ചു. ഈ പരാമർശം ഞങ്ങൾക്ക് ഒരിക്കലും അംഗീകരിക്കാവുന്നതല്ല. അത് പിൻവലിക്കണമെന്നായിരുന്നു ഞങ്ങളുടെ ആവശ്യം. ബഹുമാനപ്പെട്ട സ്പീക്കറെ നേരിട്ട് കണ്ട് ഞങ്ങൾ അക്കാര്യം ആവശ്യപ്പെട്ടതാണ്. ഇന്നലെ മുഖ്യമന്ത്രി വെല്ലിൽ ഇറങ്ങിയതും വളരെ ദൗർഭാഗ്യമായ സംഭവമായിരുന്നു..........(ബഹളം).........

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങ് ഇത്രയും ദീർഘമായി സംസാരിക്കരുത്.

ശ്രീ. രമേശ് ചെന്നിത്തല: അങ്ങനെയുള്ള സംഭവങ്ങൾ ഒരിക്കലും ഈ സഭയിൽ നടക്കാൻ പാടില്ലാത്തതാണ്. ഇക്കാര്യം ഭരണപക്ഷവുമായി സംസാരിച്ച് ഒരു തീരുമാനമറിയിക്കാമെന്ന് അങ്ങ് ഞങ്ങളോട് പറഞ്ഞതാണ്. ഞങ്ങൾ ഇന്ന്

രാവിലെ വരെ തീരുമാനത്തിനായി കാത്തിരുന്നു. എന്നാൽ ഇതുവരെയും ഒരു തീരുമാനവുമുണ്ടായില്ല. ആ തീരുമാനം എന്താണെന്ന് അറിയണം. അങ്ങ് വീണ്ടും അത് പരിശോധിച്ച് ഒരാഴ്ചയ്ക്കുശേഷം തീരുമാനം പറയാമെന്ന് പറയുന്നത് ശരിയല്ല. ഇന്നലെ ഞാൻ ഒരു പരാമർശം നടത്തിയ ഉടൻതന്നെ അങ്ങ് അത് സഭാരേഖയിൽ നിന്നും മാറ്റി. അത് രേഖയിൽ കിടക്കുന്നതാണ് എനിക്ക് നല്ലത്, കാരണം ഞാൻ പറയാത്ത കാര്യമാണ് അവിടെ പറഞ്ഞത്. എന്തായാലും, ബഹുമാന്യനായ സ്പീക്കർ ഒരു തീരുമാനമെടുത്ത് പറയാമെന്ന് പറഞ്ഞിട്ട് ഇതുവരെ ഞങ്ങൾ വെയിറ്റ് ചെയ്യുകയായിരുന്നു. ഒരു തീരുമാനവുമുണ്ടായില്ല. അതുണ്ടാകണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന.

<u>മി. സ്പീക്കർ</u>: ഈ വിഷയം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ സഭയിൽ ഉന്നയിക്കുകയും ചട്ടം 307 പ്രകാരം ഇത് പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് ശ്രീ. വി. ഡി. സതീശൻ ആവശ്യപ്പെടുകയും ചെയ്തു. ചട്ടം 307 പ്രകാരം പരിശോധിച്ച് മറുപടി പറയാമെന്ന് ചെയർ റൂളിംഗും നൽകി. അതിനൊരു നടപടിക്രമമുണ്ട്. സാധാരണഗതിയിൽ അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഈ സെഷൻ തീരുന്നതിനുമുമ്പ് തന്നെ റൂളിംഗുണ്ടാകും.......... (ബഹളം)........ഇപ്പോൾ റൂളിംഗ് വേണമെന്ന് ദയവുചെയ്ത് വാശിപിടിക്കരുത്.

സഭയിൽ നൽകിയ ഒരു റൂളിംഗിനെ സംബന്ധിച്ച് ഒരു ഡിബേറ്റോ രണ്ടാമതൊരു വിശദീകരണമോയില്ല. സഭയിൽ നൽകിയ ഒരു റൂളിംഗിനെ സംബന്ധിച്ച് അങ്ങ് വീണ്ടും ഉന്നയിച്ച സാഹചര്യത്തിൽ സാധാരണഗതിയിൽ റൂളിംഗിന്റെ മുകളിൽ രണ്ടാമത് അഭിപ്രായ പ്രകടനം പാടില്ലാത്തതാണ്. എങ്കിലും ഞാൻ പറയാം, ഈ സഭയിൽ നടക്കുന്ന നടപടിക്രമങ്ങളെ സംബന്ധിച്ചോ ഈ സഭയിൽ നടത്തിയ ഏതെങ്കിലും പ്രയോഗങ്ങളെ സംബന്ധിച്ചോ പൊതുസമൂഹത്തിന് തെറ്റിദ്ധാരണയുണ്ടാക്കുന്ന ഒരു കാര്യവും ഉണ്ടാകാൻപാടില്ലെന്ന് ചെയറിന് നിർബന്ധമുള്ളതുകൊണ്ടാണ്, ഒരു തെറ്റിദ്ധാരണ ഒഴിവാക്കുന്നതിന് ആ സാഹചര്യത്തിൽ അത്തരം നടപടി സ്വീകരിച്ചത്. അത് ചെയറിന്റെ ഒരു ബോദ്ധ്യമാണ്. അത് വീണ്ടും ചർച്ച ചെയ്യാനോ ആവർത്തിച്ച് വിശദീകരിക്കാനോ ആവശ്യപ്പെടുന്നതോ ചട്ടം പ്രകാരം ശരിയല്ല. അത് ആവർത്തിക്കുന്നത് ശരിയല്ല...........പ്ലീസ്....(ബഹളം)........

ശ്രീ. പിണറായി വിജയൻ: സർ, എന്നെപ്പറ്റി തീർത്തും വസ്തുതാവിരുദ്ധമായ കാര്യമാണ് പ്രതിപക്ഷനേതാവ് ഇവിടെ പരാമർശിച്ചത്. എന്തടിസ്ഥാനത്തിലാണ് അങ്ങനെ പറയുന്നതെന്ന് എനിക്കറിയില്ല. അങ്ങ് ഇവിടെ ഇരിക്കുന്ന ഘട്ടത്തിലോ അങ്ങ് എഴുന്നേറ്റ് നിന്ന ഘട്ടത്തിലോ ഞാൻ എന്റെ സീറ്റ് വിട്ട് എവിടെയെങ്കിലും

പോയിട്ടുണ്ടോയെന്നത് അങ്ങ് സാക്ഷിയാണ്. പച്ചക്കള്ളം പറയുന്നതിന് അതിരുവേണ്ടേ? .........(ബഹളം).........

(യു.ഡി.എഫ് അംഗങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സീറ്റിനടുത്തുവന്നുനിന്ന് ബഹളം വച്ചുകൊണ്ട് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: സഭാ നടപടികൾ തുടർന്നുകൊണ്ടിരിക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വെല്ലിൽ ഇറങ്ങിയത് ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രതിപക്ഷനേതാവിന് സംസാരിക്കണമെങ്കിൽ പ്രതിപക്ഷാംഗങ്ങൾ സീറ്റിൽപോയി ഇരിക്കണം. ഇത് അംഗീകരിക്കാൻ കഴിയില്ല. ഈ സമ്മർദ്ദം ശരിയാവില്ല. ചെയറിനെ സമ്മർദ്ദത്തിലാക്കരുത്. പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ പോയി ഇരുന്നാൽ മാത്രമേ പ്രതിപക്ഷ നേതാവിന് മൈക്ക് നൽകുകയുള്ളൂ. ഭരണകക്ഷിയംഗങ്ങൾ അനാവശ്യമായി പ്രകോപനം സൃഷ്ടിക്കരുത്. ദയവായി ഇരിക്കൂ. .........(ബഹളം).........ശ്രീ. ജോയ്, ശ്രീ. ഷംസീർ ഇരിക്കൂ. ....(ബഹളം).......

(യു.ഡി.എഫ് അംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് പോയി)

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞുകഴിഞ്ഞ് ഞാൻ വാക്കൗട്ട് പ്രസംഗം

നടത്തുന്ന സന്ദർഭത്തിലാണ് അദ്ദേഹം വീണ്ടും എഴുന്നേറ്റുനിന്ന് ചില പരാമർശങ്ങൾ നടത്തിയത്. അപ്പോഴാണ് ഇവിടത്തെ മെമ്പർമാർ വെല്ലിലേയ്ക്ക് വന്നത്. സഭയിൽ ഈ പ്രശ്നം ഉണ്ടാകുമ്പോൾ അങ്ങ് ഇവിടെ നിന്നും പോകുന്നു. ആ സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയുടെ വെല്ലിലേയ്ക്ക് ഇറങ്ങുന്നു. അതെല്ലാവരും കണ്ട കാര്യമാണ്. എന്ത് പ്രകോപനം ഉണ്ടായാലും ഒരു കാലത്തും ഒരു മുഖ്യമന്ത്രിമാരും വെല്ലിലേയ്ക്ക് ഒരിക്കലും ഇറങ്ങിയിട്ടില്ലെന്ന കാര്യം അങ്ങ് ഓർക്കണം. ആരെങ്കിലും ഇറങ്ങിയിട്ടുണ്ടോ; അത് ശരിയായ കാര്യമാണോ; ഞാൻ പച്ചക്കള്ളം പറഞ്ഞുവെന്ന് പറയുന്നത് ശരിയാണോ; ഞാൻ എന്ത് പച്ചക്കള്ളമാണ് പറഞ്ഞത്? സഭ ചേർന്നുകൊണ്ടിരിക്കുമ്പോഴും ഇല്ലെങ്കിലും ഒരു മുഖ്യമന്ത്രിയും വെല്ലിലിറങ്ങി ആരോടും കയർക്കാറില്ല, ആരെയും ഭീഷണിപ്പെടുത്താറുമില്ല. ഇന്നലെ ഇവിടെ ഉണ്ടായത് ദൗർഭാഗ്യകരമായ സംഭവമായിപ്പോയി. മുഖ്യമന്ത്രി മുഖ്യമന്ത്രിയാണ്, സഭാ നേതാവാണ്. സഭാ നേതാവ് ഞങ്ങളുടെ കൂടി അവകാശങ്ങൾ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനാണ്. ആ സഭാ നേതാവ് സഭ ചേരുമ്പോഴോ ഇല്ലെങ്കിലോ വെല്ലിലേയ്ക്ക് ഇറങ്ങിവന്ന് മെമ്പർമാരോട് കയർക്കുന്നത് ഒരിക്കലും ശരിയായ നടപടിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ:</u> വളരെ ദീർഘകാലത്തെ പാരമ്പര്യവും അനുഭവങ്ങളുമുള്ള

അങ്ങയോട് എല്ലാ ബഹുമാനവും വച്ചുകൊണ്ട് ഞാൻ സൂചിപ്പിക്കുകയാണ്. സഭാ നടപടികൾ തുടരാത്ത സമയത്ത് ഇവിടെ പരസ്പരം കൂടി നിൽക്കുന്നതും സംസാരിക്കുന്നതും വളരെ സ്വാഭാവികമായൊരു കാര്യമാണ്. സഭയിൽ നടപടിക്രമങ്ങൾ ഇല്ലാത്ത സമയത്ത്, ചെയറിൽ ആളില്ലാത്ത സമയത്ത് ഇവിടെ ആദ്യമായിട്ടാണോ വെല്ലിൽ നിന്നും സംസാരിക്കുന്നതും സൗഹൃദം പങ്കുവയ്ക്കുന്നതും? അതൊന്നും തെറ്റിദ്ധാരണപരമായ നിലയിൽ സംസാരിക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് തോന്നുന്നത്. അതുസംബന്ധിച്ച് ഏതുകാലത്തേതും നമുക്ക് പരിശോധിക്കാം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഞാൻ ഉദ്ദേശിച്ച കാര്യമാണ് അങ്ങ് പറഞ്ഞത്. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഇവിടത്തെ പരിചയം മാത്രമല്ല ദീർഘകാലത്തെ പാർലമെന്ററി പരിചയവുമുള്ളയാളാണ്. സ്പീക്കർ അവിടെ ഉണ്ടാകുന്ന ഘട്ടത്തിലും സഭ ചേരുന്ന ഘട്ടത്തിലും ഇതിനെ നാം വെല്ലായി കണക്കാക്കി ഇങ്ങോട്ട് ഇറങ്ങാതിരിക്കുന്നത്. അല്ലാത്ത സമയത്ത് സ്വാഭാവികമായും സഭാംഗങ്ങൾ തമ്മിൽ സംസാരിക്കും. അത് സഭയ്ക്കകത്ത് എവിടെ വച്ചും സംസാരിക്കും. ഇതുവരെ ഒരു മുഖ്യമന്ത്രിയും വെല്ലിൽ നിന്നും സംസാരിച്ചിട്ടില്ലെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞു. എന്റെ അനുഭവത്തിൽ ധാരാളം

ഘട്ടങ്ങളിൽ മുഖ്യമന്ത്രിയും മറ്റുള്ളവരും ഇവിടെ നിന്നും നേരത്തെ സംസാരിച്ചിട്ടുണ്ട്. ഞാൻ സഭാഗംഗമായിരുന്ന ഘട്ടത്തിലും മന്ത്രിയായിരുന്നഘട്ടത്തിലും ഇവിടെ അത്തരത്തിൽ സംസാരിക്കുന്ന ദൃശ്യങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. ഇവിടെയുണ്ടായത് ഒരു പ്രത്യേക ഘട്ടമാണ്. ആ പ്രത്യേക ഘട്ടത്തിൽ എന്റെ സുഹൃത്തുക്കളായ അപ്പുറത്തുള്ളവരാണെങ്കിലും അവരുമായി കയർക്കാനല്ല അവരുമായി സംസാരിക്കുകാണ് ചെയ്തത്. അങ്ങനെ സംസാരിച്ചതിൽ എന്താണ് തെറ്റ്? ഒരു തെറ്റുമില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാന്യനായ മുഖ്യമന്ത്രിയോടുള്ള എല്ലാ ബഹുമാനവും വച്ച് ഞാൻ പറയട്ടെ, അങ്ങ് പറഞ്ഞത് ശരിയാണ്. ഒരു പ്രത്യേക ഘട്ടമായിരുന്നു ഇന്നലെ. സാധാരണ ഗതിയിൽ വെല്ലിൽ വച്ച് സംസാരിക്കുന്നതുപോലെയല്ല ഇന്നലെ. സഭാതലം വളരെയേറെ ചൂടുപിടിച്ച സാഹചര്യത്തിൽ ഇവിടത്തെ പ്രതിപക്ഷമെമ്പർമാർ വെല്ലിലിറങ്ങി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്റെ സീറ്റിൽ നിന്നും വെല്ലിലേയ്ക്കിറങ്ങി വന്ന് മെമ്പർമാരോട് കയർക്കുന്ന നടപടിയാണുണ്ടായത്. അതാണ് ശരിയല്ലാത്ത നടപടി.

<u>മി. സ്പീക്കർ</u>: സഭ ചേരാത്ത സന്ദർഭങ്ങളിൽ ഉണ്ടായ കാര്യങ്ങളെക്കുറിച്ച് ഈ

സഭയിൽ സമയം കളയുന്നത് ശരിയല്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാമർശവുമായി ബന്ധപ്പെട്ട് പരിശോധിച്ച് മറുപടി പറയാമെന്ന് അങ്ങ് ഒരു റൂളിംഗ് നൽകി. അതുവരെ കാത്തിരിക്കാനുള്ള മാന്യതയും മര്യാദയും പ്രതിപക്ഷത്തിന് ഉണ്ടാകേണ്ടതാണ്. ആ റൂളിംഗാണ് വീണ്ടും വീണ്ടും പുന:പരിശോധിക്കണമെന്ന് പറയുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കുറച്ചുകൂടി ഉയർന്നുനിന്ന് കാര്യങ്ങൾ കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം സഭയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ രമ്യമായി പരിഹാനുള്ള ഉത്തരവാദിത്തമുള്ളയാളാണ് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി. എരി തീയിൽ എണ്ണയൊഴിക്കുന്ന നടപടിയല്ല പാർലമെന്ററി കാര്യവകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. സഭാ നടപടികൾ സുഗമമായി മുന്നോട്ടുകൊണ്ടുപോകാൻ അങ്ങയെപ്പോലെതന്നെ ഉത്തരവാദിത്തമുള്ളയാണ്

പാർലമെന്ററി കാര്യവകുപ്പുമന്ത്രിയും. അങ്ങ് ഇനി രണ്ടാഴ്ച കഴിഞ്ഞ് അടുത്ത സെഷൻ കൂടുമ്പോൾ ഇതിനെപ്പറ്റി തീർപ്പ്കൽപ്പിക്കാമെന്ന് പറഞ്ഞാൽ അത് ഞങ്ങൾക്ക് സ്വാകര്യമല്ലെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ടാണ് ഞങ്ങൾ അങ്ങയുടെ ചേമ്പറിൽ വന്ന് ഞങ്ങളുടെ എല്ലാ ഗ്രീവൻസും പ്രയാസങ്ങളും അങ്ങയോട് പറഞ്ഞത്. ഞങ്ങളുടെ ഇന്റഗ്രിറ്റിയെയും കോൺടക്ടിനെയും ബാധിക്കത്തെനിലയിൽ ബഹുമാന്യനായ മുഖ്യമന്ത്രി ഒരു പരാമർശം നടത്തി. അത് അദ്ദേഹം പിൻവലിക്കണം. അതിൽ അദ്ദേഹം ദുരഭിമാനം കാണിക്കേണ്ട കാര്യമില്ല. അദ്ദേഹം അത് പിൻവലിക്കുകയാണ് വേണ്ടത്. അല്ലെങ്കിൽ, അങ്ങ് അതിനെപ്പറ്റി ഒരു റൂളിംഗ് ഇന്നുതന്നെ നൽകണം.

<u>മി. സ്പീക്കർ</u>: ചെയറിന്റെ റൂളിംഗിനെ സംബന്ധിച്ച് എപ്പോൾ, എങ്ങനെ, എന്ത് നൽകണമെന്ന് പറയുന്ന രീതികളില്ല. അതൊന്നും ശരിയല്ല. ചെയർ ഇക്കാര്യത്തിൽ റൂളിംഗ് നൽകുമെന്ന് പറഞ്ഞുകഴിഞ്ഞു. അത് ആവശ്യമായ സന്ദർഭത്തിൽ ഉണ്ടാകും. ചോദ്യോത്തര വേളയുടെ വിലയേറിയ 15 മിനിറ്റ് ഇതിനുവേണ്ടി കളഞ്ഞുകഴിഞ്ഞു. ഇനി നിർവ്വാഹമില്ല. ദയവായി സഹകരിക്കണം. സഭയിൽ സാധാരണഗതിയിൽ സംഭവിക്കാൻ പാടില്ലാത്ത നിരുത്തരവാദപരമായ, ദൗർഭാഗ്യകരമായ സംഭവങ്ങളാണ് ഇന്നലെ ഉണ്ടായത്. അതിൽ സ്വയം

പശ്ചാത്തപിച്ച് മാന്യമായ നിലപാട് എല്ലാവരും സ്വീകരിക്കുമെന്നാണ് ഞാൻ കരുതിയത്. അതിനുവേണ്ടികൂടിയാണ് ഈ 15 മിനിറ്റ് കളഞ്ഞത്. അതുകൊണ്ട് ദയവായി സഭാ നടപടികൾ തുടരാൻ അനുവദിക്കണം. ശ്രീ. റ്റി.വി. രാജേഷ് അങ്ങേയ്ക്ക് ചോദ്യം ചോദിക്കാവുന്നതാണ്.

ശ്രീ. റ്റി.വി. രാജേഷ്: സർ, കേരളത്തിൽ 142 ആർ.എം.എസ്.എ. ഹൈസ്കൂളുകളാണ് എൽ.ഡി.എഫ്. സർക്കാർ പുതിയതായി ഏറ്റെടുത്തിട്ടുള്ളത്. സർ, ചോദ്യം ചോദിക്കാൻ പ്രൊട്ടക്ഷൻ നൽകണം. .......(ബഹളം)......

മി. സ്പീക്കർ: ഇനി പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരമില്ല. ശ്രീ. റ്റി.വി. രാജേഷ് ചോദ്യം ചോദിക്കാൻ ആരംഭിച്ചു കഴിഞ്ഞു.

ശ്രീ. രമേശ് ചെന്നിത്തല: ഇന്നത്തെ സാഹചര്യത്തിൽ സഭാ നടപടികളുമായി സഹകരിച്ചുപോകാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഇന്നത്തെ സഭാ നടപടികൾ ബഹിഷ്കരിക്കുന്നു.

(യു.ഡി.എഫ് അംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി)

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിൽ 142 ആർ.എം.എസ്.എ. ഹൈസ്കൂളുകളാണ് എൽ.ഡി.എഫ്. സർക്കാർ പുതിയതായി ഏറ്റെടുത്തിട്ടുള്ളത്. ഈ

സാഹചര്യത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; അതിന്റെ ഭാഗമായി കേരളത്തിനർഹമായ കേന്ദ്ര ഫണ്ട് നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ; ഈ കേന്ദ്രഫണ്ട് പുന:സ്ഥാപിക്കാൻ കേരള സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ആർ.എം.എസ്.എ. ഹൈസ്കൂളുകളായി ഉയർത്തിയതിന്റെ ഭാഗമായി കേന്ദ്രത്തിൽ നിന്നും ലഭിച്ച ഫണ്ട് പൂർണ്ണമായും ഉപയോഗിക്കാൻ സാധിക്കാത്ത നിരവധി സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ആ സാഹചര്യങ്ങളെല്ലാം മൂർത്തമാണെന്നതുകൊണ്ട് ഇപ്പോഴും ആ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. പക്ഷെ അതെല്ലാം പൂർണ്ണമായും ചെലവാക്കത്തക്ക രീതിയിൽ സംസ്ഥാന സർക്കാർ ഈ 142 സ്കൂളുകളെയും കെ.ഇ.ആർ. അനുസരിച്ച് തസ്തിക നിർണ്ണയം നടത്താവുന്ന വിധം 07-10-2016-ലെ സർക്കാർ ഉത്തരവ് നം. 173/2016 പ്രകാരം ഏറ്റെടുക്കുകയും ഇന്ന് ആ സ്കൂളുകൾ ആർ.എം.എസ്.എ. അസിസ്റ്റഡ് സർക്കാർ സ്കൂൾ എന്നാണ് അറിയപ്പെടുന്നത്. ഇന്ന് അത് പൂർണ്ണമായും സർക്കാരിന്റെ കെ.ഇ.ആർ നിയമം അനുസരിച്ചുള്ള സ്കൂളുകളാണ്. അതുകൊണ്ടുതന്നെ ആ സ്കൂളുകളിൽ മറ്റു സ്കൂളുകളിൽ പണം ചെലവുചെയ്യുന്നത് പോലെ പൂർണ്ണമായും

ചെലവഴിക്കാം. അതിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പൂർണ്ണമായിട്ടും പണം ചെലവഴിക്കാനുള്ള സാഹചര്യം ഉണ്ടാകും.

ശ്രീ. റ്റി. വി. രാജേഷ്: സർ, സെക്കന്ററി സ്കൂളുകളുടെ ഗുണമേന്മ ലക്ഷ്യംവച്ചുകൊണ്ട് ആരംഭിച്ച പദ്ധതിയാണിത്. ഇന്ന് ഒരേ കോമ്പൗണ്ടിൽ തന്നെ രണ്ടു സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഒന്ന് ബോയ്സ് ഹൈസ്കൂൾ രണ്ട് ഗേൾസ് ഹൈസ്കൂൾ. ഈ വേർതിരിവ് ആവശ്യമുണ്ടോ; ആരോഗ്യകരമായ സ്ത്രീ- പുരുഷ ബന്ധം വളർത്തിയെടുക്കേണ്ടതിന്റെ അനിവാര്യതയിലേയ്ക്കാണ് സമീപ കാലത്തുണ്ടായ ചില സംഭവങ്ങൾ വിരൽ ചൂണ്ടുന്നത്. ഈ സാഹചര്യത്തിൽ ഗേൾസ്-ബോയ്സ് വേർതിരിവുകൾ അവസാനിപ്പിച്ചുകൊണ്ട് മിക്സഡ് സ്കൂളുകൾ സർക്കാർ തലത്തിലെങ്കിലും ആരംഭിക്കാൻ മുൻകൈ എടുക്കുമോ; ഈ രീതിയിൽ എന്തെങ്കിലും കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: ഇപ്പോൾ മിക്സഡ് സ്കൂളുകളാണ് ധാരാളമായി ഉള്ളത്. അതല്ലാത്ത സ്കൂളുകളും ഉണ്ട്. ചില സാഹചര്യങ്ങൾ കൊണ്ട് പണ്ട് തുടങ്ങിയതാണ്. പി.ടി.എ.യും അവിടത്തെ അധ്യാപകരും ചേർന്ന് ഒരു സമവായം ഉണ്ടാക്കുകയാണെങ്കിൽ അക്കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ സർക്കാർ അധികാരത്തിൽ

വന്നതിനുശേഷം പ്രകടനപത്രികയിൽ പറഞ്ഞതുപോലെ തന്നെ വളരെ ദീർഘ വീക്ഷണത്തോടെ ഒട്ടേറെ മാറ്റങ്ങൾ വിദ്യാഭ്യാസ മേഖലയിലുണ്ടാക്കാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. അതിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള നടപടികളൊക്കെ ആരംഭിച്ചു. നേരത്തെ മറുപടി പറഞ്ഞതനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് കഴിഞ്ഞകാലങ്ങളിൽ വിനിയോഗിക്കാൻ കഴിയാതെ വന്നത് ഇക്കാലത്ത് വിനിയോഗിക്കാൻ തക്കവണ്ണമുള്ള ഇടപെടലും നടത്തിയിട്ടുണ്ട്. എനിക്ക് ചോദിക്കാനുള്ളത് കേരളത്തിലെ ഫണ്ടുകൾ ഉൾപ്പെടെ വിവിധ ഏജൻസികളും എം.എൽ.എ. ഫണ്ടും വിനിയോഗിച്ചുകൊണ്ട് മികവിന്റെ കേന്ദ്രങ്ങളാക്കുന്ന സ്കൂളുകൾക്ക് അതിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഹാബിറ്റാറ്റ് പോലുള്ള ഏജൻസികൾക്ക് വേഗത്തിൽ അത് ചെയ്യാൻ തക്കവണ്ണമുള്ള തടസ്സങ്ങൾ നീക്കാൻ ഗവൺമെന്റ് ഉത്തരവ് നൽകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, ആർ.എം.എസ്.എ. യുമായി ബന്ധപ്പെട്ട ചോദ്യമാണെങ്കിലും ഇപ്പോൾ അതിന് ഒരു തടസ്സവുമില്ല. സർക്കാർ നേരത്തെ തന്നെ 18 സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. അതിൽ ഒന്നാണ് ഹാബിറ്റാറ്റ്. നേരിട്ട് ഹാബിറ്റാറ്റിന് മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിന്

ഇപ്പോൾ ഒരു തടസ്സവുമില്ല. പ്രത്യേകിച്ച് ഏതെങ്കിലും സ്കൂളുകളിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ പ്രത്യേകം പരിശോധിച്ച് തടസ്സം നീക്കുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, പൊതുവിദ്യാഭ്യാസത്തെ നാം ഡിഫൈൻ ചെയ്തിരിക്കുന്നത് സർക്കാർ പ്ലസ് എയ്ഡഡ് എന്നാണ്. RMSA ഫണ്ട് പൂർണ്ണമായും സർക്കാർ സ്കൂളുകൾക്ക് ലഭിക്കുന്നതാണെന്ന് നേരത്തേ ഇവിടെ പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ 154 സ്കൂളുകളുള്ളതിൽ 135 എണ്ണവും എയ്ഡഡ് സെക്ടറിനകത്തുള്ളതാണ്. അതുകൊണ്ട് തന്നെ പ്രസ്തുത ഫണ്ട് എന്റെ മണ്ഡലത്തിലത്തിലുൾപ്പെടെയുള്ള എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പൂർണ്ണമായും ഉപയോഗിക്കാൻ സാധിക്കുന്നില്ല. RMSA പദ്ധതിയിൽ സെൽഫ് ഡിഫൻസ് എന്നൊരു ഫണ്ടുണ്ട്. പെൺകുട്ടികൾക്ക് സെൽഫ് ഡിഫൻസിനായി തലശ്ശേരിയിലെ കതിരൂർ സ്കൂളിൽ 'ബ്രേവ്' എന്ന ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു. യഥാർത്ഥത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ അക്രമം വ്യാപകമായി നടന്നുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഇത് മറ്റ് സ്കൂളുകളിലേക്കുകൂടി വ്യാപിപ്പിക്കേണ്ടതാണ്. ദൗർഭാഗ്യവശാൽ ഈ ഫണ്ട് മറ്റ് രീതിയിൽ

ഉപയോഗിക്കാൻ സാധിക്കുന്നില്ല. അത് ഉപയോഗിക്കാനാവശ്യമായ രീതിയിൽ കേന്ദ്ര സർക്കാരിനുമേൽ എന്തെങ്കിലും ഇടപെൽ സംസ്ഥാന സർക്കാരിന് നടത്താൻ സാധിക്കുമോ? കേന്ദ്രഗവൺമെന്റ് എയ്ഡഡ് സ്കൂളുകളെപ്പറ്റി കൃത്യമായി മനസ്സിലാക്കാത്തതാണ് ഇതിന് കാരണം. അതുപോലെ ലാബ്, ലൈബ്രറി, എക്യുപ്മെന്റ്സ്, സ്പോർട്സ് ഗുഡ്സ് എന്നിവ വാങ്ങുന്നതിനാണ് ഇതിന്റെ ഗ്രാന്റ് ലഭ്യമാക്കുന്നത്. ഇത് എയ്ഡഡ് സ്കൂളുകളിൽക്കൂടി വ്യാപിപ്പിക്കാനാവശ്യമായ ഇടപെടൽ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കണ്ണൂർ ജില്ലയിലെ എട്ട് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തു. പക്ഷേ ഇപ്പോഴും അവയുടെ കെട്ടിടനിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്താൻ സാധിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, RMSA വഴി സർക്കാർ സ്കൂളുകളിൽ മാത്രമാണ് ഇതുവരെ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഈ വർഷം ഒരു പ്രത്യേക റിക്വസ്റ്റ് എന്ന രീതിയിൽ എയ്ഡഡ് സ്കൂളുകൾക്കും അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. പക്ഷേ ഇപ്പോഴും അത് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല.

അതിനുള്ള സമ്മർദ്ദം വീണ്ടും സംസ്ഥാന സർക്കാർ ചെലുത്തുന്നതാണ്. RMSA സ്കൂളുകളിൽ കെട്ടിടം പണിയാത്തതിന് പല തടസ്സങ്ങളുണ്ടായിരുന്നുവെന്ന് ഞാൻ നേരത്തേ ഇവിടെ സൂചിപ്പിച്ചു. ആ തടസ്സങ്ങളെല്ലാം നീക്കി 142 സ്കൂളുകൾക്കും ആവശ്യമായ കെട്ടിടങ്ങൾ പൂർണ്ണമായും നിർമ്മിക്കുവാനുള്ള എല്ലാ സാഹചര്യവുമുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ സ്കൂളുകളുടെ പ്രവർത്തനത്തിനാവശ്യമായ പണം നൽകാം.

ശ്രീ. രാജു എബ്രഹാം: സർ, മുൻകാലങ്ങളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ലഭിച്ചിരുന്ന കേന്ദ്രഗവൺമെന്റ് സഹായം ഇന്ന് ലഭ്യമല്ല. ഇവിടെ NSQF (National Skill Qualification Framework) വഴി സാമ്പത്തിക സഹായമുൾപ്പെടെ നൽകി നൈപുണ്യമാണ് പ്രധാനമായും കേന്ദ്രഗവൺമെന്റ് ഉദ്ദേശിച്ചിരുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ വി.എച്ച്.എസ്.ഇ.-യെ ഹയർ സെക്കണ്ടറിയിൽ ലയിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ; ഉദാഹരണത്തിന് വി.എച്ച്.എസ്.ഇ.-യ്ക്ക് ഇപ്പോൾ 7 റീജിയണൽ ഓഫീസുകളുണ്ട്. 50000 കുട്ടികൾ മാത്രമേയുള്ളൂ. അതേസമയം ഹയർ സെക്കണ്ടറിയിൽ 3,00,000

കുട്ടികളുണ്ട്. പക്ഷേ മൂന്ന് റീജിയണൽ ഓഫീസുകൾ മാത്രമേയുള്ളൂ. ഇതൊരു വലിയ അന്തരമാണ്. ഹയർ സെക്കണ്ടറിയുമായി ഒരുമിച്ച് കൊണ്ടുപോകാവുന്നതേയുള്ളൂ. സ്റ്റേറ്റ് ഫണ്ടാണ് മുഴുവനും ഉപയോഗിക്കുന്നത്. കേന്ദ്രഗവൺമെന്റ് നോംസ് ഇങ്ങനെ നിലനിൽക്കുന്ന ചെയ്യുന്ന സാഹചര്യത്തിൽ ഇവ തമ്മിൽ ലയിപ്പിച്ച് ഹയർ സെക്കണ്ടറിയാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഇത് നയപരമായിട്ടുള്ള ഒരു പ്രശ്നമാണ്. ഇതുവരെ അത്തരത്തിൽ ആലോചിച്ചിട്ടില്ല. എന്നുമാത്രമല്ല ഇവ രണ്ടും രണ്ട് സ്കീം ആയി തന്നെ പോകണമെന്നുള്ള വളരെ ഗൗരവമായ അഭിപ്രായവും നിലനിൽക്കുന്നുണ്ട്. NSQF- രീതിയനുസരിച്ച് നൈപുണ്യം 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലേക്ക് വ്യാപിപ്പിക്കുക എന്നുള്ളതാണ്. അതും മാൻഡേറ്ററിയാക്കി ഇതുവരെ വച്ചിട്ടില്ല. അതുകൊണ്ട് ഇത് വളരെ വ്യാപകമായി ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. വിദ്യാർത്ഥികൾക്ക് സ്കിൽ ഡെവലപ് ചെയ്യുക എന്നതിനോടൊപ്പം തന്നെ അവരുടെ സമഗ്രമായിട്ടുള്ള അറിവ് വർദ്ധിപ്പിക്കുന്നതിനുമുള്ള ഒരു പരിപാടി എന്ന രീതിയിലാണ് നമ്മൾ വിദ്യാഭ്യാസത്തെ കാണേണ്ടത്. സ്കിൽ-ന് മാത്രം

ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തിക്കുകയാണെങ്കിൽ സർവ്വകലാശാല എന്നുള്ളത് ഒരു പോളിടെക്നിക്കിന്റെ സങ്കൽപ്പത്തിലേക്ക് വന്നേയ്ക്കാം. അതുകൊണ്ട് സ്കിൽ ഡെവലപ്മെന്റും സമഗ്രമായ വിദ്യാഭ്യാസവും എന്നുള്ളത് വളരെ സമഗ്രമായി ചേർത്തുകൊണ്ട് മാത്രമേ അതിനെക്കുറിച്ച് ആലോചിക്കാൻ കഴിയുകയുള്ളൂ. അത്തരത്തിലുള്ള വളരെ വിപുലമായ ഫ്രെയിംവർക്കിൽ നിന്നുള്ള ആലോചനയാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. അതിന്റെ ഭാഗമായി നയപരമായിട്ടുള്ള ഒരു തീരുമാനത്തിനുശേഷം മാത്രമേ ഇത്തരം കാര്യങ്ങൾ പറയാൻ സാധിക്കൂ.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, RMSA പദ്ധതി പ്രകാരം സ്കൂളുകൾ ആരംഭിച്ചുവെങ്കിലും ടീച്ചേഴ്സിന്റെ പോസ്റ്റിംഗ് അടക്കമുള്ള നിരവധി പ്രശ്നങ്ങൾക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞുവെന്നുള്ള കാര്യത്തിൽ അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. മലയാളവും തമിഴും ഉള്ള സ്ഥലങ്ങളിൽ മലയാളം അദ്ധ്യാപകരെ മാത്രമാണ് പോസ്റ്റ് ചെയ്യാൻ കഴിഞ്ഞിരുന്നത്. ഇപ്പോൾ താൽകാലികമായി ദിവസവേതനാടിസ്ഥാനത്തിൽ തമിഴ് അദ്ധ്യാപകരെ പോസ്റ്റ് ചെയ്യുന്നതിന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. എന്നാൽ സ്ഥിരമായി അവിടങ്ങളിൽ തമിഴ്

അദ്ധ്യാപകരെ പോസ്റ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ആലോചിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇക്കാര്യത്തെപ്പറ്റി നേരത്തേ സൂചിപ്പിച്ചു. 142 സ്കൂളുകളും 7-10-2016-ലെ 173/2016 ഉത്തരവ് പ്രകാരം RMSA സഹായത്തോടെയുള്ള പൂർണ്ണ സർക്കാർ സ്കൂൾ/RMSA assisted Government Schools എന്ന രീതിയിൽ മാറ്റിയെടുത്തിട്ടുണ്ട്. മുമ്പ് ആ സ്കൂളിൽ കെ.ഇ.ആർ. അനുസരിച്ച് അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കില്ലായിരുന്നു. എന്നാൽ ഇന്ന് അത് സാധിക്കുമെന്നതുകൊണ്ടുതന്നെ കെ.ഇ.ആർ. അനുസരിച്ച് ഏത് തരത്തിലുള്ള തസ്തികനിർണ്ണയം നടത്തുന്നതിനുമുള്ള അവസരങ്ങളുണ്ട്. തൽക്കാലം താത്ക്കാലികാടിസ്ഥാനത്തിൽ എന്ന നിലയിലായിരിക്കാം ഇപ്പോൾ അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളത്. തീർച്ചയായും പി.എസ്.സി. വഴി അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്. ഇത്തരം സ്കൂളുകൾ ഇന്ന് സർക്കാർ നിലവാരത്തിലുള്ളതാണ്. അതുകൊണ്ടുതന്നെ മറ്റ് സർക്കാർ സ്കൂളുകളിൽ അപ്പോയിന്റ് ചെയ്യുന്നതുപോലെ നിയമപരമായി അദ്ധ്യാപകരെ നിയമിക്കുവാനുള്ള സാദ്ധ്യതയുണ്ട്.

ശ്രീ. കെ. വി. വിജയദാസ്: സർ, വിദ്യാഭ്യാസ നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന സ്കൂളുകളെ പ്രത്യേകം കണ്ടെത്തി ശാലാസിദ്ധി പ്രോജക്ട് അടിസ്ഥാനത്തിൽ ഏതെങ്കിലും സ്കീമുകൾ നടപ്പിലാക്കാൻ സാധിക്കുമോ; അക്കാര്യത്തിൽ ഗവൺമെന്റ് തീരുമാനം നടപ്പിലാക്കുമോ; ഇപ്പോൾ യു.പി. സ്കൂളുകൾ മുഴുവൻ ഹൈസ്കൂളായി മാറ്റുകയും ചെയ്തു. അതോടൊപ്പം DDO കോഡ് യു.പി. സ്കൂൾ ഹെഡ്മാസ്റ്ററുടെ പേരിലായതുകൊണ്ട് ഇപ്പോഴും അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാൻ എ.ഇ.ഒ. കൗണ്ടർസൈൻ ചെയ്താൽ മാത്രമേ സാധിക്കുകയുള്ളൂ. അതൊഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും നിലവിലുള്ള ചില സാങ്കേതിക പ്രശ്നങ്ങൾ മൂലമാണ് ശമ്പളം ലഭിക്കാത്ത അവസ്ഥയുള്ളത്. സ്പാർക്ക്-മായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ മൂലമാണ് ശമ്പളം ലഭിക്കാത്തതെന്ന് സർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. അതെല്ലാം പെട്ടെന്ന് പരിഹരിക്കത്തക്ക രീതിയിലുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. അധികം താമസിയാതെ ഈ പ്രശ്നം പരിഹരിക്കുമെന്നാണ് പറയാനുള്ളത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, RMSA വിദ്യാലയങ്ങൾ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പഠിപ്പിക്കാൻ അദ്ധ്യാപകരില്ലാതെ വലിയ ബുദ്ധിമുട്ടിലായിരുന്നു. അതെല്ലാം പരിഹരിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയ പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയമാണ്. എന്നാൽ സ്റ്റാഫ് ഫിക്സേഷന്റെ ഭാഗമായി ചില പോസ്റ്റുകൾ കൂടി ക്രിയേറ്റ് ചെയ്യേണ്ടതുണ്ട്. അക്കാര്യത്തിൽ ഇടപെടണം. അതുപോലെ തന്നെ RMSA വിദ്യാലയങ്ങൾ ഹൈസ്കൂളായി പ്രഖ്യാപിച്ചപ്പോൾ ചില സ്ഥലങ്ങളിലെ ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള എൽ.പി.സ്കൂളും 5,6,7 ക്ലാസ്സുകളില്ലാതെ 8,9,10 ക്ലാസ്സുകൾ മാത്രവുമുള്ള സ്കൂളുകളുമാണുള്ളത്. ആ പ്രശ്നവും കൂടി പരിഹരിക്കുവാൻ ഇടപെടുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. ആദ്യം ചോദിച്ച ചോദ്യത്തിന് ഞാൻ രണ്ടുതവണ ഉത്തരം പറഞ്ഞതാണ്. കെ.ഇ.ആർ. അനുസരിച്ച് തസ്തിക നിർണ്ണയം നടത്താവുന്ന സാഹചര്യം ഇന്ന് 142 സ്കൂളുകളിലുമുണ്ട്. അതുകൊണ്ട് എല്ലാ സ്കൂളുകളിലും ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാനുള്ള സാദ്ധ്യതയുണ്ട്. ഏതെങ്കിലും തരത്തിൽ എവിടെയെങ്കിലും അത്തരത്തിൽ അദ്ധ്യാപകരെ

നിയമിക്കാൻ സാധിക്കാതെയുണ്ടെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാം. തുടർന്ന് പി.എസ്.സി. വഴിയുള്ള നിയമനത്തിന്റെ സാദ്ധ്യത നമുക്ക് ആലോചിക്കാവുന്നതാണ്. അതുകൊണ്ട് 142 RMSA സ്കൂളുകളിൽ പോസ്റ്റിംഗ് ഒരു പ്രശ്നമേയല്ല. യു.പി. വിഭാഗത്തിൽ രണ്ട് ക്ലാസ്സുകളില്ലാത്ത പ്രശ്നങ്ങൾ ചില സ്കൂളുകളിലുണ്ട്. അതിന്റെ സാദ്ധ്യത പരിശോധിച്ച് ആ പ്രശ്നം പരിഹരിക്കുന്നതിനുള്ള നിലപാടുകളും എടുക്കുന്നതാണ്.

<u>ശ്രീ. ബി. സത്യൻ</u>: സർ, പുതിയ വിദ്യാഭ്യാസ വികസന യജ്ഞത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. സർക്കാർ വിദ്യാലയങ്ങളെ മെച്ചപ്പെടുത്തുന്നതിന് പ്രാധാന്യം കൊടുത്ത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പ്രീ-പ്രൈമറി സ്കൈങ്ത്തൻ ചെയ്തുവരികയാണ്. 8-ാം ക്ലാസ് യു.പി.യുടെ ഭാഗമായിട്ടാണ് ദേശീയാടിസ്ഥാനത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ഒരു സന്ദർഭത്തിൽ 8-ാം ക്ലാസ് കൂടി യു.പി.വിഭാഗമായി മാറ്റാൻ ആലോചിച്ചിരുന്നതായി അറിയുന്നു. അങ്ങനെയാണെങ്കിൽ 1 മുതൽ 8 വരെ എന്ന നിലയിലും 9, 10, 11, 12 എന്ന നിലയിലും അതിനെ സ്റ്റാൻഡേർഡൈസ് ചെയ്യാൻ കഴിയുമോ; ഇപ്പോൾ ഹയർ

സെക്കണ്ടറി സ്കൂളിൽ തന്നെ 7-ാം ക്ലാസ്സ് മുതലുള്ള കുട്ടികൾ പഠിക്കുകയാണ്. 7-ാം ക്ലാസിൽ പഠിക്കുന്ന കുട്ടിയും 12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയും ഒരേ സ്കൂളിൽ വരുന്ന നിലയിൽ സ്കൂളുകളുടെ നടത്തിപ്പ് സംബന്ധിച്ചിടത്തോളം മാനേജ്മെന്റിന് ഏറെ പ്രയാസമുണ്ടാക്കിയിരിക്കുകയാണ്. അതുകൊണ്ട് 8-ാം ക്ലാസ് വരെ യു.പി. എന്ന നിലയിലും 9, 10, 11, 12 എന്ന നിലയിലും നിശ്ചയിക്കാനാവുമോ; അതുപോലെ തന്നെ പഴയകാലത്തുണ്ടായിരുന്ന സ്കൂളുകളിൽ ഹയർ സെക്കണ്ടറി നിലവാരത്തിൽ മെച്ചപ്പെട്ട സൗകര്യങ്ങളുണ്ടാക്കുമ്പോൾ സമീപത്തുള്ള സ്കൂളുകളിലെ എണ്ണത്തെ നിയന്ത്രിച്ച് നിർത്തി, യു.പി./എൽ.പി. സ്കൂളുകളിൽ പ്രീ-പ്രൈമറി കുട്ടി ചേർക്കുന്നതിനുള്ള ഒരു ഭാവനാപൂർണ്ണമായ പദ്ധതി ഈ നിലയിൽ അംഗീകരിച്ച് നടപ്പിലാക്കാൻ കഴിയുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഇതെല്ലാം വളരെ ആലോചിച്ച് നിരവധി പ്രശ്നങ്ങൾ ചർച്ചചെയ്ത് സമവായത്തിലൂടെ ഒരു നയം എടുത്തതിനുശേഷം തീരുമാനമെടുക്കേണ്ട കാര്യങ്ങളാണ്. ഇപ്പോൾ നിലവിലുള്ള സംവിധാനം തുടർന്നുകൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണം വിജയിപ്പിച്ച് പൊതുവിദ്യാഭ്യാസത്തിന്റെ ശാക്തീകരണത്തിന് ശേഷമുള്ള ഒരു സമവായത്തിൽ

പൊതു അഭിപ്രായം രൂപപ്പെടുത്തി ഇത്തരം അഭിപ്രായങ്ങൾ പിന്നീട് പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ....ചോദ്യം നമ്പർ *242

2 (*242) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. പി. ഉണ്ണി:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽവയൽ തണ്ണീർത്തട സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ വ്യക്തികൾ പാടങ്ങളും തണ്ണീർത്തടങ്ങളും മണ്ണിട്ട് നികത്തുന്നത് സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പരാതി പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇത് സംബന്ധിച്ച പരാതികളിന്മേൽ നടപടികൾ സ്വീകരിക്കാത്തവർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുമോ:

(ഇ) അനുമതി കൂടാതെ മണ്ണിട്ട് നികത്തിയതും എന്നാൽ പരാതിയുടെ അടിസ്ഥാനത്തിൽ മറ്റ് നിർമ്മാണ പ്രവൃത്തികൾ ഒന്നും നടത്താതിരിക്കുകയും ചെയ്യുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും പൂർവ്വ സ്ഥിതിയിലാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം നിലവിൽ വരുന്നതിനുമുമ്പുള്ള അനധികൃത പരിവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള 3 എ ഭേദഗതി പിൻവലിക്കുന്നതിന് നിയമനിർമ്മാണം നടത്തിയിട്ടുള്ളതാണ്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ നിലം/തണ്ണീർത്തടം എന്ന വിഭാഗത്തിൽ ഉൾപ്പെടാത്തതും ടി നിയമത്തിലെ നിലം, തണ്ണീർത്തടം എന്നിവയുടെ നിർവ്വചനങ്ങളിൽ പെടാത്തതും എന്നാൽ റവന്യൂ രേഖകളിൽ നിലം അഥവാ തത്തുല്യ പദങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ ഭൂവുടമയുടെ സ്വന്തം വീട് നിർമ്മാണത്തിന് അനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൽ കെ.എൽ.യു. ഉത്തരവ് ക്ലോസ് (6) പ്രകാരം

ജില്ലാകളക്ടർ/ആർ.ഡി.ഒ. എന്നിവർക്ക് വീട് നിർമ്മാണത്തിനായി മാത്രം പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ 5 സെന്റും ഭൂമി നടപടിക്രമങ്ങൾ പാലിച്ച് ബന്ധപ്പെട്ട വില്ലേജാഫീസർ, കൃഷി ആഫീസർ എന്നിവരുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചശേഷം അനുമതി നൽകാവുന്നതാണ് എന്ന് 22-12-2016-ലെ 46848/പി1/2016- റവന്യൂ നമ്പർ കത്ത് പ്രകാരം സർക്കുലർ നൽകി സർക്കാർ വ്യക്തിമാക്കിയിട്ടുണ്ട്. തുടർന്ന് അതിനാവശ്യമായ സ്പഷ്ടീകരണവും നൽകിയിരിക്കുകയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അനധികൃത പരിവർത്തനം ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിൽ സെക്ഷൻ 12 പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ സ്റ്റോപ് മെമ്മോ നൽകുകയും അനധികൃത പ്രവൃത്തികൾക്ക് ഉപയോഗിച്ച ഉപകരണങ്ങളും വാഹനങ്ങളും പിടിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് രൂപാന്തരപ്പെടുത്തിയ സ്ഥലങ്ങൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർമാർ സെക്ഷൻ 13 പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) പരാതികൾക്കെതിരെ നടപടി സ്വീകരിക്കാത്ത കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) അനുമതി വാങ്ങാതെ അനധികൃതമായി നികത്തിയ ഭൂമികൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനായി ജില്ലാ കളക്ടർക്ക് നടപടി കൈക്കൊള്ളുവാനും അതിലേക്ക് ചെലവഴിക്കേണ്ടി വന്ന തുക പ്രസ്തുത ഭൂമിയുടെ അനുഭവക്കാരനിൽ നിന്നോ അധിവാസിയിൽ നിന്നോ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയ ശേഷം ഈടാക്കുവാനും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 13 ജില്ലാ കളക്ടർമാർക്ക് അധികാരം നൽകുന്നുണ്ട്.

<u>ശ്രീ. മുരളി പെരുനെല്ലി:</u> സർ, നെൽവയലിന് സമീപമുള്ള കരഭൂമിക്ക് സർക്കാർ നിശ്ചയിച്ച വിലയുടെ 25 ശതമാനം തുക നൽകിയാൽ നെൽവയൽ നികത്തൽ ക്രമപ്പെടുത്താനുള്ള യു.ഡി.എഫ്. സർക്കാരിന്റെ ഭേദഗതി ഭൂമാഫിയകളെ സഹായിക്കുന്ന തരത്തിലുള്ളതായിരുന്നു. എന്നാൽ സാധാരണക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി 10 സെന്റുവരെ നികത്തുന്നതിനാണ് എൽ.ഡി.എഫ്. സർക്കാർ 2008-ലെ നിയമം പുന:സ്ഥാപിച്ചത്. ഈ നിയമത്തിന്റെ ഭാഗമായി നേരത്തെ സൂചിപ്പിച്ചതുപോലെ ബി.ടി.ആർ.-ൽ നിലം, നെൽവയൽ, വെറ്റ്ലാന്റ് എന്ന് രേഖപ്പെടുത്തിയതും 12.08.2008-നുമുമ്പ് നികത്തപ്പെട്ടതുമായ ഭൂമിയിൽ

നിർമ്മാണ അനുമതിക്ക് പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരടങ്ങിയ ടീമിന്റെ ശിപാർശ പരിഗണിക്കുന്നതിൽ ജില്ലാതല ഉദ്യോഗസ്ഥർ അലംഭാവം കാണിക്കുന്നു, കാലതാമസം വരുത്തുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായ ഇവർക്ക് എൻ.ഒ.സി. കൊടുക്കാനാവശ്യമായ നടപടിയെടുക്കുമോ;

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 3(എ) പിൻവലിച്ചതിനുശേഷമുള്ള നടപടിക്രമത്തിന്റെ ഭാഗമായി ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ 22.12.2016-നുതന്നെ ജില്ലയിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ ചിലയിടങ്ങളിൽ കാലതാമസമുണ്ടാകുന്നുവെന്ന വിവരം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും പല സ്ഥലങ്ങളിലും അതനുസരിച്ചുള്ള വീടുകൾ വയ്ക്കുന്നതിനുള്ള അനുമതി നൽകിയിട്ടുമുണ്ട്. ഏതെങ്കിലും തരത്തിലുള്ള അലംഭാവമോ കാലതാമസമോ വരുന്നുണ്ടെങ്കിൽ ആ വിഷയം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾകൂടി സ്വീകരിക്കുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നത് ഭക്ഷ്യസുരക്ഷയ്ക്കും പരിസ്ഥിതി സംരക്ഷണത്തിനും വലിയ ഭീഷണിയാണെന്ന് കണ്ടാണ് അവയെ സംരക്ഷിക്കാനായി നെൽവയൽ സംരക്ഷണ

സമരം നടന്നത്. ആ സമരത്തെ വെട്ടിനിരത്തിൽ സമരമെന്ന് ആക്ഷേപിച്ചവർ ഇന്ന് കിട്ടാക്കനിയായ കുടിവെള്ളത്തിൽ വർഗ്ഗീയതയുടെ വിഷം കലർത്തി രസിക്കുന്ന സന്ദർഭമാണ് നമ്മളിപ്പോൾ കാണുന്നത്. 2008-ലെ നിയമം യു.ഡി.എഫ്. സർക്കാർ ഭേദഗതി ചെയ്തപ്പോൾ നെൽപ്പാടങ്ങൾ നികത്തുന്നതിനായി വില്ലേജ് ഓഫീസുകൾ വഴി ആയിരക്കണിക്ക് അപേക്ഷകൾ ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭൂമാഫിയകളെ സഹായിക്കാനാവശ്യമായ വിധത്തിൽ അടിയന്തരമായി തീർപ്പുകൽപ്പിക്കണമെന്ന് അന്ന് യു.ഡി.എഫ്. സർക്കാർ നിർദ്ദേശിച്ച ഈ അപേക്ഷകളിൽ എടുത്ത നടപടികൾ എന്തൊക്കെയാണ് വിശദീകരിക്കാമോ;

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, 93,000-ൽപ്പരം അപേക്ഷകൾ അന്ന് ലഭിച്ചിരുന്നു. വളരെ ചുരുങ്ങിയ അപേക്ഷകളിലാണ് അത് സംബന്ധിച്ച പരിശോധന നടത്തി തീരുമാനം എടുത്തിട്ടുള്ളത്. തീരുമാനം എടുത്ത അപേക്ഷകൾ വളരെ ചുരുക്കമാണ്. കഴിഞ്ഞ സഭാസമ്മേളനത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ വിരലിലെണ്ണാവുന്ന അപേക്ഷകളിലാണ് തീരുമാനം എടുക്കാൻ കഴിഞ്ഞിട്ടുള്ളത്. മറ്റ് അപേക്ഷകളൊക്കെതന്നെ അവിടെ നിൽക്കുകയാണ്. അതിൽ യാതൊരു കാരണവശാലും തുടർന്ന് നടപടി സ്വീകരിക്കുന്നതല്ലെന്ന് ചൂണ്ടിക്കാണിച്ചിരുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, പരാതികൾക്കെതിരെ നടപടി സ്വീകരിക്കാത്ത

കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുകയുണ്ടായി. ഒരു കേസ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഈ സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായിരുന്നു. കോഴിക്കോട് കോട്ടൂളി തണ്ണീർത്തടമെന്ന് പറയുന്നത് കേന്ദ്ര ഗവൺമെന്റ് നോട്ടിഫൈ ചെയ്ത ഇന്ത്യയിലെ 27 തണ്ണീർത്തടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. ജൈവവൈവിധ്യത്താൽ സമൃദ്ധമായുള്ള ഒരു പ്രദേശാണത്. 242 ഏക്കറോളം വരും അതിന്റെ പ്രോജക്ട് ഏരിയ. കണ്ടൽ വനങ്ങളും മത്സ്യസമ്പത്തുമൊക്കെ അതിലുണ്ട്. അവിടെ മണ്ണിട്ട് നികത്തിയ പ്രശ്നത്തിൽ ഞാൻ സ്ഥലം സന്ദർശിച്ച് ജില്ലാ കളക്ടർക്ക് പരാതി കൊടുത്തിരുന്നു. അത് കഴിഞ്ഞ സർക്കാരിന്റെ കാലത്തായിരുന്നു. ഒരു നടപടിയും സ്വീകരിച്ചില്ല. ഈ സർക്കാർ വന്നതിനുശേഷവും നടപടിയൊന്നും സ്വീകരിച്ചില്ല. നടപടി സ്വീകരിക്കുന്നതിന് ഇപ്പോൾ പുതിയ കളക്ടറുടെ ശ്രദ്ധയിലുംപെടുത്തിയിട്ടുണ്ട്. ഇത് ഡാറ്റാ ബാങ്കിൽപ്പെട്ടതല്ലെന്നാണ് നടപടി സ്വീകരിക്കാത്തതിന് പറഞ്ഞ കാരണം. തണ്ണീർത്തടത്തിൽപ്പെട്ടതാണോയെന്ന് ചോദിച്ചാൽ തണ്ണീർത്തടത്തിൽപ്പെട്ടതാണ്. ഇത് സംരക്ഷിക്കാതിരിക്കാൻവേണ്ടി ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്താതിരിക്കുകയാണ്. ഞാൻ നേരിട്ട് രേഖാമൂലം പരാതി കൊടുത്തിട്ടും കളക്ടർ നടപടി സ്വീകരിക്കാത്ത പ്രശ്നം... കളക്ടർ താഴെയുള്ള

ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ട് അവരായിരിക്കാം നടപടി സ്വീകരിക്കാത്തത്. ആ പ്രശ്നം കഴിഞ്ഞ ജില്ലാ വികസന സമിതി യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ സാന്നിദ്ധ്യത്തിൽ ഞാൻ ഉന്നയിച്ചിരുന്നു. പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. ഞാൻ അവിടെനിന്ന് പോരുന്നതുവരെ ആ കാര്യത്തിൽ നടപടി സ്വീകരിച്ചില്ല. വളരെ ഗൗരവമുള്ള പ്രശ്നമാണ്. ഈ സഭയിൽ രണ്ടുതവണ ഞാൻ കൊണ്ടുവന്നു. ഒരു ഫലവുമുണ്ടായില്ലെന്നു പറഞ്ഞാൽ, ഗവൺമെന്റുകൾപോലും ആഗ്രഹിക്കുന്നതിൽനിന്നും വ്യത്യസ്തമായി ഇത്തരത്തിൽ തണ്ണീർത്തടങ്ങൾ നികത്തുന്ന മാഫിയാ സംഘത്തെ സഹായിക്കുന്ന വലിയ സംവിധാനം ഇത് പരിശോധിച്ച് നടപടിയെടുക്കേണ്ട ആൾക്കാരുടെ കൂട്ടത്തിൽ നിലനിൽക്കുകയാണ്. അത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. അതിനെ നിസ്സാരമായി കാണരുതെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇക്കാര്യം അദ്ദേഹം വളരെ ഗൗരവമായി മൂന്നാം തവണയാണ് ഇക്കാര്യം ഉന്നയിക്കുന്നത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. ഈ വിഷയം സംബന്ധിച്ച് പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നിർദ്ദേശം നൽകി തുടർനടപടി സ്വീകരിക്കുന്നതാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഈ പ്രശ്നം കഴിഞ്ഞ ജില്ലാ വികസന സമിതി യോഗത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. ഗൗരവമായി ഉന്നയിക്കുകയുണ്ടായി. എം.എൽ.എ. പറഞ്ഞ പ്രശ്നം പരിശോധിച്ച് നടപടി സ്വീകരിക്കേണ്ട വിഷയം തന്നെയാണ്. ആ ജില്ലാ വികസന സമിതി യോഗത്തിൽ വച്ചുതന്നെ ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കാര്യങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുകയെന്നുള്ള നിലപാടിലേയ്ക്കുതന്നെ പോകേണ്ടതുണ്ട്. നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായേ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. ഉണ്ണി: സർ, ഈ നിയമം നടപ്പാക്കുന്നതിന്റെ മറ്റൊരു വശമാണ് ചൂണ്ടിക്കാണിക്കാൻ ഉദ്ദേശിക്കുന്നത്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഫലപ്രദമായി നടപ്പാക്കണമെങ്കിൽ വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരടങ്ങുന്ന പ്രാദേശിക കമ്മിറ്റികളുടെ നിഷ്ക്രിയത്വം അവസാനിപ്പിക്കണം. ഫലപ്രദമായി യോഗം ചേരാൻ കഴിയണം. അതിനാവശ്യമായ നടപടി കൃത്യമായി കൈക്കൊള്ളാൻ കഴിയുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം, 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ വ്യവസ്ഥയ്ക്കനുസരിച്ച് കരഭൂമിയില്ലാത്ത ഒരാളിന് വയലിൽ വീട് വയ്ക്കുന്നതിനാവശ്യമായ സഹായം അദ്ദേഹം അഭ്യർത്ഥിക്കുകയാണെങ്കിൽ അത് സംബന്ധിച്ച തീരുമാനമെടുക്കുന്നതിനുള്ള പ്രാദേശിക നിലവാരത്തിലുള്ള കമ്മിറ്റിയെ സംബന്ധിച്ചാണ് പരാമർശിച്ചത്. അത്തരം കമ്മിറ്റികളുടെ നിർദ്ദേശമനുസരിച്ച് അതിലാവശ്യമായ തീരുമാനം ആർ.ഡി.ഒ.-യ്ക്കോ കളക്ടർക്കോ സ്വീകരിക്കാൻ കഴിയുന്നതാണ്. അതിന് നിലവിൽ വ്യവസ്ഥയുള്ളതാണ്.

ശ്രീ. ഡി. കെ. മുരളി: സർ, 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വന്നതിനുശേഷം അന്ന് എന്താണോ ഉദ്ദേശിച്ചത്, ആ ഉദ്ദേശ്യം നിറവേറ്റാൻ നമുക്കായിട്ടുണ്ടോ; ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നികത്തിയ നിലം പൂർവ്വ സ്ഥിതിയിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അത് സംബന്ധിച്ച എന്തെങ്കിലും കണക്കുകളുണ്ടോ;

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഉദ്ദേശ്യം വളരെ വ്യക്തമാണ്. കൂടുതൽ നികന്നുകൊണ്ടിരിക്കുന്ന

വയലിനെ പ്രതിരോധിക്കുകയെന്നത് തന്നെയായിരുന്നു. എന്നാൽ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ അതിനുശേഷവും ചില പ്രദേശങ്ങളിൽ നികത്തൽ ഉണ്ടാകുകയും അതിനെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ തിരൂർ വില്ലേജിൽ തളക്കടത്തൂർ പാലത്തിനടുത്ത് നികത്തിയ 75 സെന്റ് നിലം പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്. കൊണ്ടോട്ടി വാഴക്കൂർ വില്ലേജിൽ അയിത്തല ദേശത്ത് നികത്തിയ 30 സെന്റ് നിലം പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ അലനെല്ലൂർ മൂന്ന് വില്ലേജിൽപ്പെട്ട 40 സെന്റോളം നിലത്തിൽ 10 സെന്റോളം നികത്തിയ ഉടൻതന്നെ അതിൽപ്പെട്ട ബാക്കി ഭൂമി നികത്തുന്നത് തടയുകയും നികത്തിയ 10 സെന്റ് പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 8 കേസുകളും കൊല്ലം ജില്ലയിൽ 29 കേസുകളും കോട്ടയം ജില്ലയിൽ 62 കേസുകളും ഇടുക്കി ജില്ലയിൽ 2 കേസുകളും എറണാകുളം ജില്ലയിൽ 72 കേസുകളും കോഴിക്കോട് ജില്ലയിൽ 15 കേസുകളും വയനാട് ജില്ലയിൽ 13 കേസുകളും കാസർഗോഡ് ജില്ലയിൽ 22 കേസുകളും പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്. പല സ്ഥലങ്ങളിലായി

ഉദ്ദേശ്യം 36 ഏക്കറോളം ഭൂമി പൂർവ്വസ്ഥിതിയിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. എ. എം. ആരിഫ്:</u> സർ, വർഷങ്ങളായി കരയായി ഉപയോഗിക്കുകയും തെങ്ങും മാവും ഉൾപ്പെടയുള്ള ഫലവൃക്ഷങ്ങളുള്ളതും വീടുകളും മുറ്റമുള്ളതുമായ 50-ഉം 100-ഉം സെന്റ് സ്ഥലങ്ങൾ പതിറ്റാണ്ടുകൾക്കുമുമ്പ് കരയായി മാറിയതാണ്. പക്ഷെ റവന്യൂ രേഖകളിൽ നിലമായി കിടക്കുന്നത് പരിഹരിക്കുന്നതിനുള്ള പ്രശ്നം കിടക്കുന്നതിനാൽ ക്രയവിക്രയം ചെയ്യുന്നതിനോ പുതിയ ആവശ്യത്തിന് ഉപയോഗിക്കാനോ പറ്റാതെ ലക്ഷക്കണക്കിന് ആളുകൾ കേരളത്തിൽ ബുദ്ധിമുട്ടിക്കൊണ്ടിരിക്കുകയാണ്. ആ പ്രയാസം അപ്പുറത്തുമിപ്പുറത്തുമിരിക്കുന്ന ആളുകൾ പലവട്ടം പറഞ്ഞിട്ടുണ്ട്. അതെല്ലാം ഈ സഭയിൽ പലവട്ടം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. അപ്പോഴെല്ലാം അദ്ദേഹം പറയുന്നത്, അഞ്ചും പത്തും സെന്റ് സ്ഥലം വീട് വയ്ക്കുന്നതിനുവേണ്ടി കൊടുക്കുന്നത് സംബന്ധിച്ച മറുപടി മാത്രമാണ്. ഇത്തരക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ പലവട്ടം ഓരോരുത്തരും വളരെ സെൻസിറ്റീവായിത്തന്നെ അവതരിപ്പിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ചില വിധികളുണ്ടായിട്ടുണ്ട്. നേരത്തെ ഉണ്ടായിരുന്ന കമ്മിറ്റിയെ അസ്ഥിരപ്പെടുത്തിയിട്ടുണ്ട്. അതെല്ലാം നിലനിൽക്കുകയാണ്. അത് പരിഹരിക്കണമെന്നുകാണിച്ച് ഞാൻ ഇവിടെ സബ്മിഷൻ ഉന്നയിച്ചിരുന്നു.

ബഹുമാനപ്പെട്ട മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ പ്രിൻസിപ്പൽ സെക്രട്ടറിമാർ സംയുക്തമായി യോഗം ചേർന്നാൽ മാത്രമേ ഇത് പരിഹിക്കാൻ സാധിക്കുകയുള്ളൂ. ആ പ്രശ്നം പരിഹരിക്കുന്നതിനുള്ള ഉത്തരവ് എതെങ്കിലും തരത്തിൽ ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ഉണ്ടാകുമോയെന്നാണ് അറിയേണ്ടത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട ആരിഫ് എം.എൽ.എ ഇവിടെ ശ്രദ്ധയിൽപെടുത്തിയ കാര്യത്തിൽ ഒരു പുതിയ നിയമനിർമ്മാണം ആവശ്യമാണ്. അല്ലാത്തിടത്തോളം കാലം നേരത്തേ നികത്തപ്പെട്ട ഭൂമിയിൽ യാതൊരു തരത്തിലുമുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ അനുവദിക്കാവുന്നതല്ല. ഇക്കാര്യങ്ങളെ സംബന്ധിച്ചുള്ള ഒരു സുപ്രീംകോടതി വിധി കഴിഞ്ഞ സഭാസമ്മേളനത്തിന്റെ സമയത്തുതന്നെ ചൂണ്ടിക്കാണിച്ചതാണ്. അതുൾപ്പെടെ ഇപ്പോൾ നമ്മൾ നൽകിയിരിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ ഉടമയ്ക്ക് വീടുവെയ്ക്കുന്നതിനാവശ്യമായ 5 സെന്റ് ഭൂമി നഗരപ്രദേശങ്ങളിലും, 10 സെന്റ് ഭൂമി ഗ്രാമപ്രദേശങ്ങളിലും ഉപയോഗിക്കാം. ഇതാണ് നിലവിലെ വ്യവസ്ഥ. അല്ലാത്തവിധത്തിൽ ഉപയോഗിക്കണമെങ്കിൽ ഫൈനൽ 'ഡാറ്റാബങ്ക് ' വരികയും 2008 മുൻപ് നികത്തപ്പെട്ടത് ഏതൊക്കെ ഭൂമിയാണെന്ന് നിർണ്ണയിക്കപ്പെടുകയും ഇത്തരം ഭൂമി ഏത് രീതിയിൽ ഉപയോഗിക്കാമെന്നത് സംബന്ധിച്ച് ആവശ്യമായ

നിയമനിർമ്മാണം ഉൾപ്പെടെയുള്ളകാര്യങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട് എന്നാണ് ഇത് സംബന്ധിച്ച് അറിയിക്കാനുള്ളത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, നിയമം കൃഷിയെ നിലനിൽത്താൻ വേണ്ടിയുള്ളതാണ്. ഇത് നല്ലൊരു നിയമമാണ്. പ്രായോഗിക ബുദ്ധിമുട്ട് എന്ന് പറയുന്നത് ഭൂമിയുടെ ക്ലാസിഫിക്കേഷൻ കൃത്യമായി നടക്കാത്താണ്. കൃഷിഭൂമിയേത്, കൃഷിക്ക് ഉപയുക്തമായ ഭൂമിയേത്, അതിനനുയോജ്യമല്ലാത്തതേത് എന്നിങ്ങനെ വേർതിരിക്കണം. കുറ്റമറ്റ രീതിയിൽ ഭൂമി ക്ലാസിഫൈ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ക്ലാസ്സിഫിക്കേഷൻ നടപടി ഇപ്പോൾ പൂർണ്ണമല്ല. തീർച്ചയായും അത്തരം കാര്യങ്ങൾ ഉൾപ്പടെ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, 'ഡാറ്റാബാങ്ക് ' -ൽ നിലമെന്ന് രേഖപ്പെടുത്തിയിട്ടുള്ളതും വില്ലേജ് രേഖയിൽ മറ്റൊരു തരത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി സംബന്ധിച്ച അന്തിമ തീരുമാനമെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് വകുപ്പ് '3 എ' പ്രകാരം അധികാരം നൽകിയിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: 3 എ യുടെ അടിസ്ഥാനത്തിൽ റഗുലറൈസ്

ചെയ്യുന്നതിനുള്ള തീരുമാനമാണ് നേരത്തേ ഗവൺമെന്റ് കൊണ്ടുവന്നിരുന്നത്. ആ നടപടി കഴിഞ്ഞ സഭാസമ്മേളനത്തിൽ റദ്ദ് ചെയ്തിട്ടുണ്ട്. സ്വാഭാവികമായും അത് സംബന്ധിച്ച, റഗുലറൈസ് ചെയ്യുന്നതിനുള്ള തീരുമാനമെടുക്കുന്നതിന് ഇപ്പോൾ കഴിയുകില്ല. എന്നാൽ അതിന് പകരമായി നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ, ഇത്തരം സന്ദർഭങ്ങളിൽ ഭൂവുടമയ്ക്ക് അവരുടെ സ്വന്തമായ ആവശ്യത്തിന് വീടുവെയ്ക്കുന്നതിനായി 1967 ലെ കെ.എൽ.യു ഓർഡറിലെ വ്യവസ്ഥകൾക്കനുസരിച്ച് നടപടി സ്വീകരിക്കുന്നതിനാവശ്യമായ നിർദ്ദേശവും നൽകിയിട്ടുണ്ട്.

<u>ശ്രീ. സി. കെ. നാണു</u>: സർ, നമ്മളിവിടെ വരൾച്ചയെ സംബന്ധിച്ചും കുടിവെള്ളത്തിന്റെ ദൗർലഭ്യത്തെക്കുറിച്ചും ഒരുഭാഗത്ത് ശക്തമായി പറയുമ്പോൾ, മറുഭാഗത്ത് വ്യാപകമായ രൂപത്തിൽ വയൽ നികത്തുകയാണ്. എം.എ.എൽ മാർക്കുള്ള ബുദ്ധിമുട്ട്, ഏതെങ്കിലും ഒരു വയൽ നികത്തിയതിനെതിരായി നമ്മൾ നടപടിയിലേയ്ക്ക് നീങ്ങുമ്പോൾ, അവരുടെ പേരിൽ കേസെടുക്കരുതെന്നും രക്ഷിക്കണമെന്നും, നമ്മളുമായി ബന്ധമുള്ള പത്ത് പേർ വന്നുപറയും. അതുകൊണ്ട് ഉദ്യോഗസ്ഥ നിലവാരത്തിൽ നമ്മളുടെ തണ്ണീർത്തടങ്ങളും വയലുകളും നികത്തുന്നതിനെതിരെ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും വരൾച്ചകൂടും, ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരും.

അതുകൊണ്ട് നമ്മുടെ ഏതെങ്കിലും വയൽ നികത്തിയിട്ടുണ്ടെങ്കിൽ അത് പൂർവ്വസ്ഥിതിയിലാക്കാനുള്ള നടപടികൾ വളരെ ശക്തമായരൂപത്തിൽ, ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി തുടർന്നും സ്വീകരിക്കണം. വടകര താലൂക്കിൽ പട്ടാപ്പകൽ രണ്ട് വർഷം മുൻപ് വയൽ നികത്തിയിരുന്നു. അന്ന് ഇതിനെതിരായ നിയമം വന്നിരുന്നു. ഇക്കാര്യത്തിൽ തീരുമാനവുമെടുത്തു. എന്നാൽ ഒന്നും സംഭവിച്ചില്ല. എം. എൽ. എ - മാർക്ക് അവരുടെ മണ്ഡലത്തിൽ ഉദ്യോഗസ്ഥർ ചെയ്യുന്നതുപോലെ സജീവമായി നടപടികൾ സ്വീകരിക്കാൻ കഴിയില്ല. ഇക്കാര്യങ്ങളെ സംബന്ധിച്ച് ശക്തമായ നിലപാടില്ലെങ്കിൽ ഇതിനേക്കൾ വരൾച്ച നേരിടുന്ന വിഷമാവസ്ഥയിലേയ്ക്ക് നമ്മൾ നീങ്ങും. ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയ്ക്ക് ഇക്കാര്യങ്ങൾ ചെയ്യാൻ സാധിയ്ക്കും. അതിനായുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട ശ്രീ. സി. കെ നാണു ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. വയൽ നികത്തുമ്പോൾ അതിനെ പ്രതിരോധിക്കാനുള്ള ജനകീയ ഇടപെടൽ അനിവാര്യമാണ്. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരോ, സർക്കാരുദ്യോഗസ്ഥരോ മാത്രം ഇടപെട്ടുകൊണ്ട് ഇക്കാര്യം പരിഹരിക്കാൻ കഴിയുന്നതിനുമപ്പുറത്തേയ്ക്ക് കാര്യങ്ങൾ

നീങ്ങുകയാണ്. തീർച്ചയായും വയൽ, തണ്ണീർത്തടങ്ങൾ നികത്തുന്നത് തടഞ്ഞ് അവയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി വലിയ തോതിലുള്ള ജനകീയ അവബോധം, തിരിച്ചറിവ് ഉണ്ടാക്കുന്ന തരത്തിലുള്ള ഇടപെടൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. 2008 ന് ശേഷമുള്ള ഇത്തരം വിഷയങ്ങളിലാണ് നമ്മൾ നിർബന്ധപൂർവ്വമായ നിലപാട് സ്വീകരിച്ചത്. 2008 ന് മുൻപ് നികത്തപ്പെട്ട ഭൂമിയുടെ കാര്യത്തിൽ ഫൈനൽ ഡാറ്റാബാങ്ക് വരുന്ന മുറയ്ക്ക് തീരുമാനമെടുക്കാൻ കഴിയും. അതിനുശേഷം ഒരിഞ്ചു ഭൂമിപോലും നികത്തപ്പെടുന്നില്ല എന്ന കാര്യം ഉറപ്പുവരുത്തുന്നത് പൊതുസമൂഹത്തിന്റെ കൂടി ബാദ്ധ്യതയാണ്. സർക്കാരിന് ഈ വിഷയത്തിൽ നിർബന്ധമുണ്ട്. ഉദ്യോഗസ്ഥ തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ എല്ലാ കഴിവുകളും ഉപയോഗിക്കും.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, പുതിയ ഗവൺമെന്റ് വന്നതിനുശേഷം നെൽവയൽ, തണ്ണീർത്തടങ്ങൾ നികത്തുന്നതിനെതിരായി ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ നെല്ലുല്പാദിപ്പിക്കുന്ന കുട്ടനാട്ടിൽ ഇപ്പോഴും വയൽ നികത്തൽ വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. കുട്ടനാടിന്റെ മദ്ധ്യഭാഗത്തുകൂടി പ്രധാനപ്പെട്ട നാല് റോഡുകളുണ്ട്. ഈ റോഡിന്റെ ഇരുഭാഗത്തും പുതിയ വീടുകളുടെ എണ്ണം, ഓരോ മാസവും വർദ്ധിക്കുന്നതായി

നമ്മൾ ശ്രദ്ധിച്ചാൽ കാണാം. ഈ നിയമം ദുരുപയോഗം ചെയ്തുകൊണ്ട് 10 സെന്റ് ഭൂമി നികത്തി, അൻപതും അറുപതും എഴുപതും ലക്ഷം രൂപ വിലമതിയ്ക്കുന്ന വീടുകളാണ് ഇവർ നിർമ്മിക്കുന്നത്. ഇക്കാര്യത്തിൽ ഒരു ക്രോസ്ചെക്കിങ്ങ് നടത്തുന്നതിന് ശ്രദ്ധിക്കുമോ? കുട്ടനാടിനെ ഏറണാകുളമാക്കാൻ കഴിയാത്തതിനാൽ അങ്ങ് ഇക്കാര്യത്തിൽ ഇടപെട്ട് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മെംബർ ഉന്നയിച്ചത് വളരെ പ്രസക്തമായ ചോദ്യമാണ്. എവിടെയെല്ലാം റോഡുവന്നാലും അതിനിരുവശങ്ങളിലുമായി വീടുകളും കടകളും നിർമ്മിക്കുന്നതിന് വലിയ തിരക്കാണ്. നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഒരൊറ്റ കമേഴ്സ്യൽ പർപ്പസിനും നിലം നികത്തൽ അനുവദനീയമല്ല. കരഭൂമി ഇല്ലാത്തയാളിന് മാത്രമാണ് വയലിൽ അഞ്ച് സെന്റോ, പത്ത് സെന്റോ നികത്തി വീടുവെയ്ക്കാൻ അനുവദിക്കുന്നത്. എന്നാൽ ഇങ്ങനെ അനുവദിക്കുന്ന ഭൂമിയിൽ ദശലക്ഷങ്ങൾ ചെലവഴിച്ച് വീടുകൾ നിർമ്മിക്കുകയും, അനുബന്ധമായി മറ്റ് സ്ഥാപനങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു എന്ന ഈ പരാതി ഗവൺമെന്റ് വളരെ ഗൗരവമുള്ള വിഷയമായി പരിഗണിക്കുകയും പരിശോധനയ്ക്കാവശ്യമായ സംവിധാനങ്ങളുണ്ടാക്കുകയും ചെയ്യും.

## കരട് വിദ്യാഭ്യാസ നയം

(*243) ശ്രീ. കെ. സുരേഷ് കുറുപ്പ്
പ്രൊഫ. കെ. യു. അരുണൻ
ശ്രീ. വി. ജോയി
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരട് ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടുവയ്ക്കുന്ന പ്രധാന ആശയങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിരിരുന്നോ;

(ബി) സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിലെ സിലബസ് കേന്ദ്ര സർക്കാർ നിശ്ചയിക്കുംപോലെ തയ്യാറാക്കണമെന്ന നിബന്ധന സംസ്ഥാനങ്ങളുടെ അവകാശത്തിന്മേലുള്ള കടന്നുകയറ്റത്തോടൊപ്പം പിന്തിരിപ്പൻ ആശയങ്ങൾ കടത്തിവിടാനുള്ള നീക്കവുമാണെന്നിരിക്കെ ഈ നിർദ്ദേശത്തോട് സർക്കാർ പ്രതികരണം അറിയിക്കാമോ; ഇത് കേന്ദ്ര സർക്കാരിനെ അറിയിക്കാൻ നടപടിയുണ്ടാകുമോ;

(സി) ഒരു വശത്ത് വിദ്യാഭ്യാസമേഖലയിൽ ആഗോള മൂലധനത്തെ ക്ഷണിച്ചുകൊണ്ടുവരാൻ വേണ്ട നിർദ്ദേശങ്ങളും അതോടൊപ്പം ഗുരുശിഷ്യ ബന്ധത്തിലൂന്നിയ വിദ്യാഭ്യാസ നയം രൂപീകരിക്കുകയും ചെയ്യണമെന്ന അശാസ്ത്രീയ നിർദ്ദേശങ്ങൾ തള്ളിക്കളയാൻ ആവശ്യപ്പെടുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊ.സി. രവീന്ദ്രനാഥ്): സർ,

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗീകരിക്കുന്ന പാഠ്യപദ്ധതിയും പാഠപുസ്തകവുമാണ് സംസ്ഥാന സിലബസ് പിൻതുടരുന്ന സ്കൂളുകളിൽ നടപ്പാക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും മറിച്ചൊരു നിർദ്ദേശം ഇതുവരെ സംസ്ഥാന സർക്കാരിന് ലഭിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ കേന്ദ്രസർക്കാർ ചർച്ചയ്ക്കായി പുറത്തുവിട്ടിട്ടുള്ള രേഖയിൽ ഇത്തരം നിർദ്ദേശമുണ്ട്. സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗീകരിക്കുന്ന പാഠ്യപദ്ധതിയായിരിക്കണം സ്കൂളുകളിൽ നടപ്പാക്കേണ്ടതെന്നാണ് സർക്കാർ നിലപാട്.

(സി) നവലിബറൽ കാഴ്ചപ്പാടുകൾക്കനുസൃതമായ നയങ്ങൾ ശക്തിപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ വരുന്ന ഘട്ടത്തിൽ അതിനെതിരായ നിലപാടാണ് ഈ സർക്കാരിന്റേത്. നമ്മുടെ കുട്ടികൾക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകാനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ജനാധിപത്യപരമായും ആധുനികവിദ്യാഭ്യാസ രീതിക്കനുസൃതമായും വിദ്യാർത്ഥി അദ്ധ്യാപക ബന്ധം വികസിക്കണം എന്നതാണ് സർക്കാർ നിലപാട്.

<u>ശ്രീ.കെ. സുരേഷ് കുറുപ്പ്</u> : സർ, ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച് കരട് രേഖ എന്ന പേരിൽ പുറത്ത് വന്നത് ഔദ്യോഗികമായ ഒരു രേഖയല്ലെന്നുള്ള വിവരം

പ്രചരിക്കുന്നുണ്ട്. അപ്പോൾ ഔദ്യോഗികമായ ഒരു കരട് രേഖ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ? അതനുസരിച്ച് ഏതെങ്കിലും തരത്തിലുള്ള ചർച്ച നടത്തിയിട്ടുണ്ടോ? ഈ കരട് രേഖയെന്ന പേരിൽ പുറത്ത് വന്ന രേഖയ്ക്ക് മുമ്പ് വ്യാപകമായ ചർച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മറ്റും കേന്ദ്രീകരിച്ച് നടന്നുവെന്ന് പറയുന്നു, കേരളത്തിൽ അത് എത്രമാത്രം ഫലപ്രദമായി നടന്നിട്ടുണ്ട്? ആ നടന്ന ചർച്ചകളെക്കുറിച്ചോ അതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളെക്കുറിച്ചോ കേരള ഗവൺമെന്റിന് അറിവുണ്ടോ? ചുരുക്കത്തിൽ ദേശീയ വിദ്യാഭ്യാസ നയമെന്നപേരിൽ കേന്ദ്ര ഗവൺമെന്റ് പുറത്ത് വിട്ടിട്ടുള്ള ഈ കാര്യങ്ങളിൽ ഔദ്യോഗികമായി എന്തെങ്കിലും ചർച്ച കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവണമെന്റും തമ്മിൽ നടന്നിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : ഈ രേഖയിൽ Some inputs for draft National policy എന്നാണ് പറയുന്നത്. അതിൽതന്നെ പറയുന്നത് ചർച്ചയ്ക്ക് വേണ്ടിയുള്ള ഒരു ആമുഖക്കുറിപ്പെന്നാണ്. ആ കുറിപ്പിലെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ഞാൻ ഇവിടെ മറുപടിയിൽ പറഞ്ഞത്. ഇതിനെക്കുറിച്ച് കേരളത്തിൽ ചർച്ച നടത്തുകയും കേന്ദ്ര സർക്കാരുമായി ആദ്യഘട്ടം ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ആ ചർച്ചയിൽ ബഹുമാനപ്പെട്ട മന്ത്രി പ്രകാശ് ജാവദേക്കർ

തന്നെ പങ്കെടുത്തു. ദേശീയ വിദ്യാഭ്യാസ നയം കച്ചവടവൽക്കരണത്തിന്റെയും വർഗ്ഗീയവൽക്കരണത്തിന്റെയും പ്രധാനപ്പെട്ട ആശയമാണ് ഉൾക്കൊള്ളുന്നതെന്ന് സംസ്ഥാന സർക്കാരിന്റെ നേരത്തെ പറഞ്ഞ ആശങ്ക വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലപാട് അതാണെന്നും അതുകൊണ്ട് സംസ്ഥാനത്തെ കൂടുതൽ ജനാധിപത്യവൽക്കരിക്കുന്ന പ്രക്രിയക്കാണ് സംസ്ഥാന ഗവൺമെന്റ് കൂടുതൽ ഊന്നൽ നൽകുന്നതെന്നും ആ യോഗത്തിൽവച്ച് കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, വിദ്യാഭ്യാസം സ്റ്റേറ്റ് ലിസ്റ്റിൽ ആദ്യം പെടുത്തുകയും പിന്നീട് അത് കൺകറന്റ് ലിസ്റ്റിലാക്കിയതിന്റെയും അടിസ്ഥാനപരമായ കാരണം ഓരോ സംസ്ഥാനത്തിനും അതിന്റെ പാരമ്പര്യത്തിനും അതിന്റെ സാംസ്കാരിക പൈതൃകത്തിനുമെല്ലാം അനുസൃതമായിട്ടുള്ള ഒരു വിദ്യാഭ്യാസ രീതി കരുപിടിപ്പിക്കണമെന്നുള്ളതുകൊണ്ടാണ്. ഒരേ വാർപ്പിലുള്ള ഒരു വിദ്യാഭ്യാസരീതി ഇന്ത്യ മുഴുവൻ നടപ്പാക്കാൻ ശ്രമിക്കുന്നത് നമ്മുടെ സാംസ്കാരികമായ വൈവിദ്ധ്യത്തിനെതിരാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്ന ഒരു കാര്യം ഒരേ രീതിയിലുള്ള ഒരു വിദ്യാഭ്യാസ പദ്ധതി ഇന്ത്യാരാജ്യത്ത് മുഴുവൻ നടപ്പാക്കാൻ ശ്രമിക്കുകയെന്നതാണ്. കേന്ദ്ര

ഗവൺമെന്റിന് പരമാവധി ചെയ്യാവുന്നത് ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ സംസ്ഥാന ഗവൺമെന്റുകൾക്ക് സമർപ്പിക്കുകയെന്നതാണ്. സംസ്ഥാന ഗവൺമെന്റ് അത് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. ഇത്തരത്തിലുള്ള കർശനമായ നിർദ്ദേശങ്ങൾ സംസ്ഥാന ഗവൺമെന്റിന് സമർപ്പിക്കുകയെന്ന നിലപാട് ശരിയല്ല[ എന്നൊരു നിലപാട് കേരള ഗവൺമെന്റ് എടുക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : ബഹുമാനപ്പെട്ട മന്ത്രിയുമായിട്ടുള്ള ചർച്ചയിൽ വളരെ വ്യക്തമായി ഞാൻതന്നെയാണ് ആ യോഗത്തിൽ പങ്കെടുത്ത് ഈ കാര്യങ്ങൾ പറഞ്ഞത്. Some inputs for draft National policy -യിൽതന്നെ നേരത്തെ പറഞ്ഞതുപോലെ വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ്. മുമ്പ് അത് സ്റ്റേറ്റ് ലിസ്റ്റിലായിരുന്നു. 1975-വരെ സെൻട്രൽ ലിസ്റ്റിലും 1976-ന് ശേഷം അത് കൺകറന്റ് ലിസ്റ്റിലുമാണ്. കൺകറന്റ് ലിസ്റ്റിൽ വന്നതിനുശേഷം ഒരുപാട് വിദ്യാഭ്യാസ നയങ്ങളും നാഷണൽ കരിക്കുലം ഫ്രെയിം വർക്കും അതിനുശേഷം 2007-ൽ കേരളത്തിലെ കേരള കരിക്കുലം ഫ്രെയിം വർക്കും ഇതെല്ലാം വന്നതിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അതത് പ്രദേശത്തിന്റെ തനിമ ഉൾക്കൊണ്ടുകൊണ്ടുതന്നെയാണ് ആ പ്രദേശത്തെ വിദ്യാഭ്യാസ സിലബസ്സും അതുപോലെതന്നെ തുടർപ്രവർത്തനവും

നിശ്ചയിക്കേണ്ടത്. അതിന് ഒരു നാഷണൽ പ്രെസ്പെക്ടീവ് വേണം, ഒരു ഫെഡറൽ സംസ്കാരവും ഉൾക്കൊള്ളണം. ആ രീതിയിൽതന്നെ വേണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം. അതിൽനിന്ന് വ്യതിചലിച്ചുകൊണ്ടാണ് ഗ്ലോബലൈസേഷന്റെ ഭാഗമായിട്ടുള്ള കച്ചവടവൽക്കരണത്തിന്റെ ചില രൂപങ്ങൾ ഈ ഡ്രാഫ്റ്റ് പോളിസിയിൽ വന്നിട്ടുള്ളത്. അതുപോലെതന്നെ വർഗ്ഗീയവൽക്കരണ ചിന്തകളും. ഈ കാര്യത്തിൽ വളരെ വ്യക്തമായ അഭിപ്രായങ്ങൾ, അത് ശരിയല്ലെന്നും സംസ്ഥാനങ്ങൾക്ക് അതത് സംസ്ഥാനത്തിന്റെ തനിമ ഉൾക്കൊണ്ടുകൊണ്ടുള്ള വിദ്യാഭ്യാസ പരിപാടി രൂപീകരിക്കാനുള്ള അവകാശംമേണമെന്ന അഭിപ്രായംതന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

<u>പ്രൊഫ. കെ. യു. അരുണൻ</u> : സർ, കരട് സമീപനരേഖയിൽ സാമൂഹിക ശാസ്ത്ര വിഷയങ്ങളെ സംബന്ധിച്ച് പറയുന്നിടത്ത് ആര്യന്മാരൊക്കെ - They are all indigenous എന്നാണ് പറഞ്ഞിരിക്കുന്നത്. അത് നമ്മുടെ ചരിത്രകാരന്മാരൊന്നും ഒരിക്കലും അഗീകരിക്കുന്നതല്ല. ആര്യന്മാർ പുറത്തുനിന്നും വന്നവരാണ് എവിടെനിന്നാണ് വന്നിട്ടുള്ളതെന്ന ഒരു കൃത്യമായ ധാരണയിലെത്താൻ കഴിഞ്ഞിട്ടില്ലെന്നാണ് വിപിൻ ചന്ദ്ര തുടങ്ങിയ ചരിത്രകാരന്മാർക്ക് പറയാനുള്ളത്, അതാണ് ചരിത്രം. വേദകാല മാത്തമെറ്റിക്സ് - All the problems in the

mathematical field can be easily solved through sixteen formulae എന്ന രൂപത്തിൽ വേദകാല മാത്തമെറ്റിക്സ് പഠിപ്പിക്കണം എന്നാണ് പറയുന്നത്. ഫിസിക്സിലേയ്ക്ക് വരുമ്പോൾ - Atomic charges are carved from spiritual forces എന്നാണ് പറഞ്ഞിരിക്കുന്നത്. ഇലക്ട്രോ മാഗ്നെറ്റിക് ഫോഴ്സസിൽ നിന്നാണ് ഇതെല്ലാമുണ്ടാകുന്നതെന്ന ശാശ്വതമായ ശാസ്ത്രസത്യത്തെ നിരാകരിച്ചുകൊണ്ട് കുട്ടികളുടെ മനസ്സിൽ ജ്യോതിഷം, കൈരേഖ, മഷിനോട്ടം തുടങ്ങിയ ശാസ്ത്രങ്ങളൊക്കെ പഠിപ്പിക്കണമെന്ന വളരെ അധികാരത്തോടുകൂടിയ ശാസന നമ്മൾ കഴിയുംവേഗത്തിൽ നിരാകരിക്കേണ്ടതുണ്ടെന്ന് സൂചിപ്പിക്കുകയാണ്. അങ്ങനെയുള്ള കാര്യങ്ങൾ നിരാകരിക്കാനുള്ള എന്തെല്ലാം പരിപാടികൾ നമ്മൾ ഇതുവരെ ചെയ്തുവെന്നതാണ് ചോദ്യം.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതിന്റെ ഒരു വിശകലനമാണ്. കൺകറന്റ് ലിസ്റ്റിലുള്ള ഒരു വിഷയത്തിൽ ദേശീയ തലത്തിൽ എല്ലാ രൂപഭാവങ്ങളും നിശ്ചയിച്ച് സംസ്ഥാന സർക്കാരിന് കൊടുക്കുകയെന്നത് തെറ്റാണ്. അതിൽ ഒരു വാചകംമാത്രം ഞാൻ വായിക്കാം. For Science, Mathematics and English subjects, a common National curriculum will be designed എന്നാണ് എഴുതിയിരിക്കുന്നത്. For other subjects such as

Social Sciences a, part of curricula will be common across the country and the rest will be at the discretion of States. അപ്പോൾ പ്രധാനമായും സോഷ്യൽസയൻസിന് ഒരു നാഷണൽ കരിക്കുലം തന്നെയുണ്ടാകും എന്നുള്ള നിർദ്ദേശവും ഡ്രാഫ്റ്റ് പോളിസിയിൽ വന്നിട്ടുണ്ട്. ഇത് തെറ്റാണെന്നും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ അതത് സംസ്ഥാനത്തിന്റെ എല്ലാ തനിമകളും നിലനിർത്തിക്കൊണ്ടും അതേസമയം സാങ്കേതിക വിദ്യയുടെ വളർച്ച അനുസരിച്ചും അതത് സ്ഥലത്ത് കരിക്കുലം രൂപപ്പെടുത്താനുള്ള അവകാശംവേണമെന്ന് കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിനുമുന്നിൽ അവതരിപ്പിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാനത്തെയും വിദ്യാഭ്യാസമന്ത്രിമാർ ആ യോഗത്തിൽ ഉണ്ടായിരുന്നു. ബഹുഭൂരിപക്ഷം മന്ത്രിമാരും നമ്മുടെ ഈ നിലപാടിനോട് യോജിക്കുകയാണ് ചെയ്തിട്ടുള്ളത്. അത്തരത്തിലാണ് ചർച്ച പുരോഗമിക്കുന്നത്. സാമൂഹികമായിട്ടുള്ള ഒരു പൊതു അഭിപ്രായം ആ കാര്യത്തിൽ രൂപീകരിക്കപ്പെടേണ്ടതുണ്ട്. പൊതുവായിട്ടല്ല സിലബസ്സുകൾ ഉണ്ടാകേണ്ടത്. അതത് പ്രദേശത്തിന്റെ തനിമ ഉൾക്കൊണ്ടുകൊണ്ടാണെന്ന അഭിപ്രായം രൂപീകരിക്കപ്പെടേണ്ടതുണ്ട്.

<u>മി. സ്പീക്കർ</u> : ജ്യോതിശാസ്ത്രത്തിനുപകരം ജ്യോതിഷം പഠിപ്പിക്കണമെന്ന നിർദ്ദേശമുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, അത് ചർച്ച ചെയ്യേണ്ടതുണ്ട്. ഓരോ ഇഷ്യൂവും എടുത്ത് പറയുന്നില്ല. ഇത്തരത്തിൽ പറയുന്ന നാഷണൽ പ്രെസ്പെക്ടീവെന്ന് പറഞ്ഞുകൊണ്ട് എല്ലാപേർക്കും ഒരേ സിലബസ് അടിച്ചേൽപ്പിക്കുന്ന രീതിശാസ്ത്രം തെറ്റാണെന്നും അത് എങ്ങനെവേണമെന്നുമുള്ള ഒരു പൊതുവായ ചർച്ച വികസിപ്പിച്ചെടുത്ത് ജനകീയ അഭിപ്രായം രൂപപ്പെടുത്തേണ്ടതുണ്ട് എന്നുള്ള ഒരു പ്രധാനപ്പെട്ട ആശയം ഉൾക്കൊള്ളുകയാണ്.

<u>ശ്രീ. വി. ജോയി</u> : സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചപ്പോൾ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ടി. എസ്. ആർ. സുബ്രമണ്യം കമ്മിറ്റി സമർപ്പിച്ച കരട് റിപ്പോർട്ടിനെപ്പറ്റി സൂചിപ്പിച്ചു. ചർച്ചയ്ക്ക് വേണ്ടി ഒരു ആമുഖ കുറുപ്പ് നൽകിയെന്നും അതിന്റെ ആദ്യത്തെ ചർച്ചനടന്നുവെന്നും സൂചിപ്പിക്കുകയുണ്ടായി. വർഗ്ഗീയ വാണിജ്യ അജണ്ടയ്ക്ക് പുറമെ ഏറ്റവം പ്രധാനപ്പെട്ട ഒരു കാര്യം അതിലുള്ളത് ആറ് വയസ്സുമുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികളുടെ സാർവ്വത്രികമായ വിദ്യാഭ്യാസത്തെ തടയുന്ന തരത്തിലുള്ള ഏതെങ്കിലും കാര്യങ്ങൾ ഈ കരട് ആമുഖ കുറിപ്പിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, അത്തരത്തിലുള്ള ഒരു സമീപനം അതിൽ ഇല്ല. മറിച്ച് സമഗ്രമായ ഒരു വിദ്യാഭ്യാസ സങ്കൽപ്പത്തിനപ്പുറം നൈപുണ്യത്തിന്

പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു സമീപനമാണ് അവിടെ വന്നിട്ടുള്ളത്. ആ കാര്യം വിശദമായി ചർച്ച ചെയ്യേണ്ടതാണ്. നേരത്തെ പറഞ്ഞ പ്രശ്നം നിലവിൽ വന്നിട്ടില്ല.

ശ്രീ. കെ. ഡി. പ്രസേനൻ : സർ, വരാൻപോകുന്ന ദേശീയ വിദ്യാഭ്യാസ നയത്തിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സംഘടനാ സ്വാതന്ത്ര്യം അനുവദിക്കുന്നില്ല. അതുകൊണ്ട് ജനാധിപത്യ വേദികൾ രൂപപ്പെടില്ലയെന്നത് തീർച്ചയാണ്. കാമ്പസ്സുകളിലെ അരാഷ്ട്രീയവാദം പുതിയ തലമുറകളിലെ അരാജക പ്രവണതയ്ക്ക് കാരണമാകുന്നുവെന്ന് ചർച്ച ചെയ്യപ്പെടുന്ന ഈ കാലത്ത് ഇതിനെ മറികടക്കാൻ ദേശീയ വിദ്യാഭ്യാസ നയത്തിലെ ജനാധിപത്യവിരുദ്ധമായ ഈ കാഴ്ചപ്പാടിനെ മറികടക്കാൻ ബദലുകൾ കൂട്ടിച്ചേർക്കുവാൻ നമുക്ക് കഴിയുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, സംസ്ഥാന സർക്കാർ അതിനും നമ്മുടേതായ മറുപടി നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് സംഘടിക്കാനുള്ള അവകാശം നിക്ഷേധിക്കപ്പെടുക, ജനാധിപത്യപരമായ പല അവകാശങ്ങളും നിഷേധിക്കപ്പെടുക, എന്ന പ്രശ്നം ഈ ഡ്രാഫ്റ്റ് ഇൻപുട്ടിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ട ഒന്നാണ്. കേരളത്തെ സംബന്ധിച്ച് വിദ്യാലയങ്ങളെ ജനാധിപത്യ വൽക്കരിക്കുക എന്നുള്ളതാണ് ലക്ഷ്യം എന്നുള്ളതുകൊണ്ട് വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ വിദ്യാലയങ്ങളിലുമുണ്ടാകണം. അതിന്റെ കാരണം സമൂഹം

ജനാധിപത്യ സമൂഹമാണ്. ജനാധിപത്യ സമൂഹത്തിലേയ്ക്ക് വിദ്യാലയങ്ങളിൽനിന്നും കടന്നുവരുന്ന ഓരോ പൗരനും ജനാധിപത്യ സമൂഹത്തിലെ ജനാധിപത്യ ചിന്തയ്ക്ക് പരസ്പര പൂരകമായിട്ടുള്ള ചിന്തകളുണ്ടാകണം. ജനാധിപത്യ പൗരനെ വളർത്തിയെടുക്കുകയെന്നുള്ളതാണ് വിദ്യാഭ്യാസ ലക്ഷ്യം ഓരോ വിദ്യാലയത്തിലും അതനുസരിച്ചുള്ള പ്രവർത്തനങ്ങളുണ്ടാകണം. അതിന് വിരുദ്ധമായി നേരത്തെ പറഞ്ഞതുപോലെ സംഘടനാസ്വാതന്ത്ര്യം നിഷേധിക്കുന്ന ചില നിർദ്ദേശങ്ങൾ ഈ കരട് വിദ്യാഭ്യാസ നയത്തിലുണ്ട് എന്നുള്ള കാര്യവും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. നമ്മുടെ അഭിപ്രായം അതല്ല ജനാധിപത്യവൽക്കരണമാണെന്ന് പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : കരട് ദേശീയ വിദ്യഭ്യാസ നയത്തിൽ വിദ്യഭ്യാസ സ്ഥാപനങ്ങളെ ആശ്രമങ്ങളേയും മറ്റിതര മതസ്ഥാപനങ്ങളുമായി കൂട്ടിയിണക്കുന്നത് രാജ്യത്തിന്റെ മതേതരത്തത്തിന് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കും. ഇത് പരിഹരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, ഇവിടെ ഭരണഘടനയിൽ പറഞ്ഞതുപോലെതന്നെ ഒരു മതേതര രാഷ്ട്രംമെന്ന രിതിയിൽ ഒരു രാഷ്ട്രം മുന്നോട്ട്

പോകണമെങ്കിൽ രാഷ്ട്രത്തിൽ ഓരോ വിദ്യാലയത്തിൽനിന്നും പുറത്ത് വരുന്നവർക്ക് മതേതര സ്വഭാവമുണ്ടാകണം. അതുകൊണ്ട് തുടക്കത്തിൽതന്നെ ആ സംസ്കാരം വികസിപ്പിച്ചെടുക്കുന്ന ഒരു രീതിശാസ്ത്രം വിദ്യാലയങ്ങളിലുമുണ്ടാകണം. അതല്ലാത്ത പക്ഷം മതേതര സംസ്കാരം നഷ്ടപ്പെടുവാനുള്ള സാധ്യതയുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് ഈ ഡ്രാഫ്റ്റ് പോളിസിയിലുള്ള മത നിരപേക്ഷതയ്ക്കപ്പുറമുള്ള ചിന്തകളോട് സംസ്ഥാന സർക്കാർ യോജിക്കുന്നില്ലെന്ന നിലപാടും കേന്ദ്ര സർക്കാരിന്റെ മുന്നിൽ വച്ചിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)